പുസ്തകം 3 ലക്കം 2.
ഏപ്രിൽ - ജൂൺ 2014

ഒരു വർഷത്തേയ്ക്ക് : 60 രൂപ

ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ - 680 712
shripuramtrust@yahoo.co.in.
www.shripuram.org

പത്രാധിപർ
പ്രകാശ് ഡി.

പത്രാധിപസമിതി
സി.എം. കൃഷ്ണനുണ്ണി
എൽ. ഗിരീഷ്കുമാർ
കെ.പി. ശ്രീധരൻ നമ്പൂതിരി
അജിതൻ പി.ഐ.
വിഷ്ണു ആനന്ദ് എൻ.
ടി.ജി. വിഷ്ണു
കണ്ണൻ കെ.എസ്.
അനൂപ് എസ്.യു.

പ്രസാധകൻ
ശ്രീകാന്ത് സി.

പുറംചട്ട രൂപകല്പന
ഉണ്ണികൊണ്ടമറുക്.

അക്ഷരവിന്യാസം, രൂപകല്പന
രവി പാറക്കുന്നം, തൃശ്ശൂർ.

മുദ്രണം
മമ ഓഫ്സെറ്റ് പ്രിന്റ്,
നട, ഇരിങ്ങാലക്കുട

# വിഷയവിവരം

1. വിഷ്ണുസ്തുതി
2

2. ലളിതാസഹസ്രനാമം
വ്യാഖ്യാനം - 10
6

3. നന്ദികേശ്വര കാശികാ
വ്യാഖ്യാനം - 6
9

4. സംസ്കൃതപഠനം - 18
12

5. ഭദ്രകാള്യഷ്ടകം
14

6. തന്ത്രശാസ്ത്രത്തിന്
ഒരു ആമുഖം - 12
17

7. ഔഷധസസ്യങ്ങൾ - 5
രുദ്രാക്ഷം
18

8. കുബേരൻ കൊള്ളപ്പലിശക്കാരനോ?
19

9. സംഗീതശാസ്ത്രമഹത്ത്വം
23

മുഖചിത്രം

ദേവതാ : ശ്രീദുർഗ്ഗാ കൂശ്മാണ്ഡി

# വിഷ്ണുസ്തുതി

സമ്പാദക : അപർണ്ണാദേവി എ.

വാമനപുരാണാന്തർഗതമായ അദിതിയുടെ വിഷ്ണുസ്തുതിയാണിന്നിവിടെ എഴുതുന്നത്. സകലാഗ്രഹ സാഫല്യത്തിനും സന്തതിലാഭത്തിനും ഈ സ്തുതി പ്രാധാന്യമർഹിക്കുന്നു.

1. **നമഃ കൃത്യാർത്തിനാശായ നമഃ പുഷ്കരമാലിനേ**
   **നമഃ പരമകല്യാണ കല്യാണായാദിവേധസേ**

കൃത്യാ എന്ന ദുർദേവത നിമിത്തമുണ്ടായ ദുഃഖത്തെ നശിപ്പിച്ചവന് നമസ്ക്കാരം. ചെന്താമര മാല ധരിച്ചവനു നമസ്കാരം. ശ്രേഷ്ഠനും മംഗളസ്വരൂപിയുമായവനെ! ശുഭസ്വരൂപന് നമസ്ക്കാരം. ആദിനാരായണനു നമസ്ക്കാരം.

2. **നമഃ പങ്കജനേത്രായ നമഃ പങ്കജനാഭയേ**
   **നമഃ പങ്കജസംഭൃതിസംഭവായാത്മയോനയേ**

താമരക്കണ്ണന് നമസ്ക്കാരം. നാഭിയിൽ പങ്കജമുള്ളവനു നമസ്കാരം. സൃഷ്ടികർത്താവായ ബ്രഹ്മാവിനുപോലും ഉല്പത്തിസ്ഥാനമായവനു നമസ്ക്കാരം. തനിക്കുതാൻ ഉത്ഭവകാരണമായിട്ടുള്ളവനു നമസ്ക്കാരം.

3. **ശ്രിയഃ കാന്തായ ദാന്തായ ദാന്തദൃശ്യായ ചക്രിണേ**
   **നമഃ പദ്മാസിഹസ്തായ നമഃ കനകരേതസേ**

ലക്ഷ്മീദേവിയുടെ മനസ്സിനെ കവരുന്നവനു നമസ്ക്കാരം. ദയാവായ്പുള്ളവനു നമസ്ക്കാരം. മനസ്ഥൈര്യമുള്ളവനാൽ കാണപ്പെടുന്നവനു നമസ്കാരം. പദ്മമാകുന്ന വാൾ കൈയിലുള്ളവനു നമസ്ക്കാരം. (താമര ഭഗവാന്റെ ആയുധവിശേഷമാണല്ലോ). ചക്രധാരിയ്ക്കു നമസ്കാരം. ഐശ്വര്യത്തിന്റെ പ്രവാഹമുള്ളവനു നമസ്ക്കാരം അഥവാ തേജസുറ്റ രേതസ്സുള്ളവനു നമസ്ക്കാരം.

4. **തഥാത്മജ്ഞാനയജ്ഞായ യോഗിചിന്ത്യായ യോഗിനേ**
   **നിർഗുണായ വിശേഷായ ഹരയേ ബ്രഹ്മരൂപിണേ**

ആത്മജ്ഞാനം നല്കുന്നവനും യോഗിമാരാൽ ചിന്തിക്കപ്പെടുന്നവനും യോഗിക്കും ഒരു ഗുണവുമില്ലാതെ സാക്ഷിയായി നില്ക്കുന്നവനും അതിശയിക്കുന്നവനും അവിദ്യയെ നശിപ്പിക്കുന്നവനും സദാ വർ

ദ്ധിച്ചുകൊണ്ടിരിക്കുന്ന രൂപത്തോടുകൂടിയവനും നമസ്ക്കാരം.

**5. ജഗച്ച തിഷ്ഠതേ യത്ര ജഗതോ യോ ന ദൃശ്യതേ**
**നമഃ സ്ഥൂലാതിസൂക്ഷ്മായ തസ്മൈ ദേവായ ശാർങ്ഗിണേ**

യാതൊന്നിലാണോ ജഗത്ത് സ്ഥിതിചെയ്യുന്നത്, ജഗത്താൽ യാതൊന്നു കാണപ്പെടുന്നില്ല (യാതൊന്നു ജഗത്തുമായി വ്യത്യാസമില്ലയോ) ശാർങ്ഗം എന്ന വില്ലുള്ളവനും ഏറ്റവും ബൃഹത്തായതും ഏറ്റവും സൂക്ഷ്മമായതുമായ ആ ദേവനു നമസ്ക്കാരം.

**6. യം ന പശ്യന്തി പശ്യന്തോ ജഗദപ്യഖിലം നരാഃ**
**അപശ്യദ്ഭിർജഗദ്യശ്ച ദൃശ്യതേ ഹൃദി സംസ്ഥിതഃ**

മുഴുവൻ ജഗത്തിനെയും കാണുന്നവരായ മനുഷ്യർ യാതൊന്നിനെ കാണുന്നില്ലയോ ജഗത്തിനെ കാണാത്തവരാൽ യാതൊന്നു ഹൃദയസ്ഥിതനായി കാണപ്പെടുന്നുവോ ആ ദേവനു നമസ്ക്കാരം.

**7. ബഹിർജ്യോതിരലക്ഷ്യോ യോ ലക്ഷ്യതേ ജ്യോതിഷഃ പരഃ**
**യസ്മിന്നേവ യതശ്ചൈവ യസ്യൈതദഖിലം ജഗത്**

പുറമേയുള്ള ജ്യോതിസ്സിനെ ലക്ഷ്യമാക്കേണ്ടതില്ല. അതേസമയം ജ്യോതിസ്സുകളിൽവച്ച് യാതൊന്ന് ശ്രേഷ്ഠമാണോ യാതൊന്നിലാണോ ഈ ജഗത്ത് മുഴുവനും ഉള്ളവനും യാതൊന്നിൽനിന്നാണോ ഈ ജഗത്തിന്റെ ആവിർഭാവം യാതൊന്നിന്റെയാണോ ഈ ജഗത്ത് ആ ദേവന് നമസ്ക്കാരം.

**8. തസ്മൈ സമസ്തജഗതാമമരായ നമോ നമഃ**
**ആദ്യഃ പ്രജാപതിഃ സോ/പി പിതൃണാം പരമഃ പതിഃ**
**പതിഃ സുരാണാം യസ്തസ്മൈ നമഃ കൃഷ്ണായ വേധസേ**

സകലലോകങ്ങളുടെയും ദേവന് നമസ്ക്കാരം. പിതൃക്കളുടെയെല്ലാം ശ്രേഷ്ഠനായ പതിയും ലോകജനതയുടെ മുഴുവനും രക്ഷിതാവും ആദിയിലുണ്ടായവനുമായ ദേവന് നമസ്ക്കാരം. ദേവന്മാരുടെ പതിയും രജോഗുണം സ്വീകരിച്ച് സൃഷ്ടാവായതും സദാനന്ദസ്വരൂപനുമായ ദേവനു നമസ്ക്കാരം.

**9. യഃ പ്രവൃത്തൈർനിവൃത്തൈശ്ച കർമ്മഭിസ്തു വിരജ്യതേ**
**സ്വർഗ്ഗാപവർഗഫലദോ നമസ്തസ്മൈ ഗദാഭൃതേ.**

പ്രവൃത്തിമാർഗ്ഗത്താലും നിവൃത്തിമാർഗ്ഗത്താലും ശോഭിക്കുന്നവനും സ്വർഗ്ഗമോക്ഷഫലങ്ങളെ നല്കുന്നവനുമായ ഗദാധാരിയായ ദേവ ▸▸

▶▶ ന് നമസ്കാരം.

**10. യസ്യ സംചിന്ത്യമാനോപി സർവ്വം പാപം വ്യപോഹതി**
**നമസ്തസ്മൈ വിശുദ്ധായ പരസ്മൈ ഹരിമേധസേ**

യാതൊരാളെ ചിന്തിക്കുന്നതോടെ എല്ലാ പാപങ്ങളും അകലുന്നുവോ ആ വിശുദ്ധനും ഹരിയും ബുദ്ധിസ്വരൂപനുമായ ദേവന് നമസ്കാരം.

**11. യേ പശ്യന്ത്യഖിലാധാരമീശാനമജമവ്യയം**
**ന പുനർജന്മമരണം പ്രാപ്നുവന്തി നമാമി തം.**

യാതൊരുവൻ എല്ലാറ്റിനും ആധാരവും ഈശനും നാശമില്ലാത്തവനും ജന്മമില്ലാത്തവനുമായ ദേവനെ സാക്ഷാത്ക്കരിക്കുന്നുവോ അവർ ഒരിക്കലും വീണ്ടുമുള്ള ജനനമരണങ്ങൾക്കു വിധേയരാവുകയില്ല. അങ്ങനെയുള്ള ദേവനെ നമസ്കരിക്കുന്നു.

**12. യോ യജ്ഞോ യജ്ഞപരമൈരിജ്യതേ യജ്ഞസംസ്ഥിതഃ**
**തം യജ്ഞപുരുഷം വിഷ്ണും നമാമി പ്രഭുമീശ്വരം**

യജ്ഞവും ശ്രേഷ്ഠയജ്ഞങ്ങളാൽ ആരാധിക്കപ്പെടുന്നവനും യജ്ഞത്തിൽ ഉപസ്ഥിതനും യജ്ഞപുരുഷനും പ്രഭുവും ഈശ്വരനുമായ വിഷ്ണുവിനെ വണങ്ങുന്നു.

**13. ഗീയതേ സർവ്വവേദേഷു വേദവിദ്ഭിർവിദാം ഗതിഃ**
**യസ്തസ്മൈ വേദവേദ്യായ നിത്യായ വിഷ്ണവേ നമഃ**

എല്ലാ വേദങ്ങളിലും വേദപണ്ഡിതരാൽ സ്തുതിക്കപ്പെടുന്നവനും വേദജ്ഞന്മാർക്ക് പ്രാപ്യസ്ഥാനവുമായ യാതൊരാളുണ്ടോ വേദങ്ങളാൽ അറിയപ്പെടുന്നവനും നിത്യനുമായ ആ വിഷ്ണുവിന് നമസ്കാരം.

**14. യതോ വിശ്വം സമുദ്ഭൂതം യസ്മിൻ പ്രളയമേഷ്യതി**
**വിശ്വോദ്ഭവപ്രതിഷ്ഠായ നമസ്തസ്മൈ മഹാത്മനേ**

യാതൊന്നിൽനിന്നാണോ ലോകം ആവിർഭവിച്ചത് യാതൊന്നിലാണോ ലോകം വിലയം പ്രാപിക്കുന്നത് ആവിർഭവിച്ച വിശ്വത്തിന്റെ സംസ്ഥാപകനായ മഹാത്മാവായ വിഷ്ണുവിന് നമസ്കാരം.

**15. ആബ്രഹ്മസ്തംബപര്യന്തം വ്യാപ്തം യേന ചരാചരം**
**മായാജാലസമുന്നദ്ധം തമുപേന്ദ്രം നമാമ്യഹം**

ചെറിയ ചെടി മുതൽ ബ്രഹ്മാവുവരെയുള്ള സർവ്വചരാചരങ്ങളി

ല്യം വ്യാപിച്ചിരിക്കുന്നവനും മായാ സമൂഹങ്ങളുടെ പ്രഭുവുമായ ഉപേന്ദ്രനായ വിഷ്ണുവിനെ വണങ്ങുന്നു.

**16. യോ/ത്ര തോയസ്വരൂപസ്ഥോ ബിഭർത്യഖിലമീശ്വരഃ**
**വിശ്വം വിശ്വപതിം വിഷ്ണും തം നമാമി പ്രജാപതിം**

യാതൊരാളാണോ ജലരൂപിയായി ലോകത്തെ മുഴുവൻ നിലനിർത്തുന്നത് വിശ്വരൂപിയും (ബ്രഹ്മംതന്നെ പലതായി കാണുന്നതാണ് ഈ വിശ്വം) വിശ്വപതിയും വിശ്വപ്രജാപതിയുമായ ആ വിഷ്ണുവിനെ വണങ്ങുന്നു.

**17. മൂർത്തം തമോ/സുരമയം തദ്വിധോ വിനിഹന്തി യഃ**
**രാത്രിജം സൂര്യരൂപീ ച തമുപേന്ദ്രം നമാമ്യഹം**

സൂര്യരൂപിയായി യാതൊരു ദേവനാണോ എല്ലായിടത്തും വ്യാപിച്ചതും അസുരമയമായതും രാത്രിയിലുള്ളതുമായ അന്ധകാരത്തെ ഇല്ലാതാക്കുന്നത് ആ ഉപേന്ദ്രനായ വിഷ്ണുവിനെ വണങ്ങുന്നു.

**18. യസ്യാക്ഷിണീ ചന്ദ്രസൂര്യൗ സർവ്വലോകശുഭാശുഭം**
**പശ്യതഃ കർമ്മ സതതം തമുപേന്ദ്രം നമാമ്യഹം**

എല്ലാ ലോകങ്ങളിലേയും ശുഭാശുഭകർമ്മങ്ങളെ എപ്പോഴും നോക്കുന്നതായ സൂര്യചന്ദ്രന്മാരാകുന്ന കണ്ണുകൾ യാതൊരാൾക്കാണോ ഉള്ളത് ആ ഉപേന്ദ്രനാകുന്ന വിഷ്ണുവിനെ വണങ്ങുന്നു.

**19. യസ്മിൻ സർവ്വേശ്വരേ സർവ്വം സത്യമേതന്മയോദിതം**
**നാനൃതം തമജം വിഷ്ണും നമാമി പ്രഭവാവ്യയം**

യാതൊരു സർവ്വേശ്വരനിലാണോ എന്നാൽ പറയപ്പെട്ടതെല്ലാം സത്യമായിട്ടുള്ളതും ആ ജന്മരഹിതനും എല്ലാറ്റിന്റേയും ഉത്പത്തിസ്ഥാനവും മാറ്റമില്ലാത്താവസ്ഥയോടുകൂടിയവനുമായ വിഷ്ണുവിനെ വണങ്ങുന്നു.

**20. യദ്യേതത്സത്യമുക്തം മേ ഭൂയശ്ചാതോ ജനാർദ്ദന**
**സത്യേന തേന സകലാഃ പൂര്യന്താം മേ മനോരഥാഃ**

ഞാനിപ്പറഞ്ഞത് സത്യമെങ്കിൽ അല്ലയോ ജനാർദ്ദന ആ സത്യം ഹേതുവായി എന്റെ എല്ലാ അഭിലാഷങ്ങളെയും നിറവേറ്റിത്തന്നാലും.

▸▸

# ലളിതാസഹസ്രനാമം വ്യാഖ്യാനം - 10

എൽ. ഗിരീഷ്കുമാർ

കഴിഞ്ഞലക്കം തുടർച്ച

**മാണിക്യമകുടാകാരജാനുദ്വയവിരാജിതാ = മാണിക്യംകൊണ്ടു** നിർമ്മിച്ച കിരീടാകൃതിയുള്ള രണ്ടു മുട്ടുകളാൽ ശോഭിക്കുന്നവൾ.

ദേവിയുടെ അരക്കെട്ടിന്റെയും തുടകളുടെയും വർണ്ണന കഴിഞ്ഞു. ഈ നാമത്തിൽ കാൽമുട്ടുകളെയാണ് വർണ്ണിക്കുന്നത്. ദേവിയുടെ കാൽമുട്ടുകൾ കണ്ടാൽ മാണിക്യരത്നനിർമ്മിതമായ കിരീടങ്ങളാണോ എന്നു തോന്നും. അത്രയും മനോഹരങ്ങളാണവ. മാണിക്യത്തിന്റെ ശോഭയും കിരീടാകൃതിയും അവയ്ക്കുണ്ട്. ദേവി പൂർണ്ണമായും ചുവപ്പാണ്. വിശേഷിച്ച് കാൽമുട്ടുകളുടെ ചുവപ്പ് മാണിക്യത്തിന്റേതു പോലെയാണെന്നർത്ഥം.

### 18. ഇന്ദ്രഗോപപരിക്ഷിപ്തസ്മരതൂണാഭജംഘികാ
### ഗൂഢഗുല്ഫാ കൂർമ്മപൃഷ്ഠജയിഷ്ണുപ്രപദാന്വിതാ

**ഇന്ദ്രഗോപപരിക്ഷിപ്തസ്മരതൂണാഭജംഘികാ = ഇന്ദ്ര**ഗോപമെന്ന ചുവന്ന പുഴുക്കളാൽ മറയ്ക്കപ്പെട്ട കാമദേവന്റെ ആവനാഴിപോലുള്ള കണങ്കാലോടുകൂടിയവൾ.

ഇവിടെ ദേവിയുടെ കണങ്കാലുകളെ കാമദേവന്റെ ആവനാഴികളോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്. ദേവിയുടെ കണങ്കാലുകൾക്ക് കാമദേവന്റെ ആവനാഴിയുടെ ശോഭയെന്ന് പറയുന്നു ഈ നാമം. ആവനാഴിയാകട്ടെ ഇന്ദ്രഗോപംകൊണ്ടു മറയ്ക്കപ്പെട്ടതാണ്. ഇന്ദ്രഗോപം എന്നു പറയപ്പെടുന്നത് വേനൽക്കാലം കഴിഞ്ഞുള്ള ആദ്യ മഴയിൽ മണ്ണിൽ കാണപ്പെടുന്ന ചുവന്ന നിറമാർന്ന ഒരിനം പുഴുവാണ്. ഇത്തരം പുഴുക്കളാൽ മറയ്ക്കപ്പെട്ട ആവനാഴി എന്നു പറഞ്ഞതുകൊണ്ട് ദേവിയുടെ കണങ്കാലുകൾക്കും ചുവപ്പുനിറമാണെന്നും പൂവമ്പുകളുടെ സൗരഭ്യത്തേയും ധ്വനിപ്പിച്ചിരിക്കുന്നു. ദേവിയുടെ കണങ്കാലുകളിൽ ആരോപിച്ചിരിക്കുന്ന കാമദേവന്റെ ചുവന്ന ആവനാഴിയുടെ ശോഭയാൽ ശിവനെ ജയിക്കാൻപോന്നതാണ് ദേവിയുടെ കണങ്കാലുകളെന്ന ആശയവും ഈ നാമത്തിൽനിന്നു ലഭിക്കുന്നു.

**ഗൂഢഗുല്ഫാ = മറഞ്ഞിരിക്കുന്ന കാൽഞെരിയാണികളോടുകൂ**ടിയവൾ.

ദേവിയുടെ കാലിൻ ഞെരിയാണികൾ അതീവ രഹസ്യമായിരിക്കുന്നു. ആരാലും കാണപ്പെടാൻ സാധിക്കാതെ മാംസങ്ങളാൽ മറഞ്ഞിരിക്കുന്നവയാണ് ദേവിയുടെ ഞെരിയാണികളെന്നർത്ഥം. കാലുകളും അതീവ മനോഹരമാണെന്നു മനസ്സിലാക്കണം.

**കൂർമ്മപൃഷ്ഠജയിഷ്ണുപ്രപദാന്വിതാ = ആമയുടെ പു**റംതോടിനെ വെല്ലുന്ന പുറംകാലുകളോടുകൂടിയവൾ.

ആമയുടെ പുറംതോട് വളരെ ദൃഢമാണെന്ന് നമുക്കറിയാം. ആമയുടെ പുറംതോടിന്റെ ദൃഢത നിമിത്തമാണല്ലോ പാലാഴിയിൽ സുമേരുപർവ്വതം താഴ്ന്നുപോയതായ സന്ദർഭത്തിൽ മഹാവിഷ്ണു കൂർമ്മാവതാരമെടുത്ത് തന്റെ പുറംകൊണ്ട് സുമേരുപർവ്വതത്തെ ഉയർത്തിക്കൊണ്ടുവന്നത്. അങ്ങനെയുള്ള ആമയുടെ പുറംതോടിനെ വെല്ലുന്ന പുറംകാലുകളാണ് ദേവിയ്ക്കുള്ളതെന്നു ഈ നാമം വ്യക്തമാക്കുന്നു. സുമേരു പർവ്വതത്തെപ്പോലും താങ്ങാൻ ശക്തിയുള്ള കൂർമ്മപൃഷ്ഠത്തോടു ദേവിയുടെ പുറംകാലുകളെ ഉപമിച്ചതുകൊണ്ട് ഭക്തന്മാരുടെ സകലദുഃഖങ്ങളെയും താങ്ങാനും ഭക്തന്മാർക്കു തണലായി നിൽക്കാനും ദേവീപാദങ്ങൾക്ക് സാധിക്കുമെന്ന് ഇതിൽനിന്നു മനസ്സിലായി. ആലംബഹീനരായ നമുക്ക് ആലംബമായി വർത്തിക്കുന്നു ദേവീപാദങ്ങളെന്ന് ഈ നാമം സൂചിപ്പിക്കുന്നു.

### 19. നഖദീധിതിസംഛന്നനമജ്ജനതമോഗുണാ
### പദദ്വയപ്രഭാജാലപരാകൃതസരോരുഹാ

**നഖദീധിതിസംഛന്നനമജ്ജനതമോഗുണാ = നമസ്കരിക്കുന്ന** ജനങ്ങളുടെ തമസ്സിനെ നഖശോഭയാൽ മറയ്ക്കുന്ന ഗുണത്തോടുകൂടിയവൾ.

ദേവിയുടെ പാദങ്ങളിലെ നഖങ്ങൾ നല്ല ശോഭയുള്ളവയാണെന്നു വ്യക്തമാക്കുന്നതാണീ നാമം. ദേവിയെ നമസ്കരിക്കുന്ന ഭക്തരുടെ മനസ്സിലെ അന്ധകാരത്തെ ദേവീപാദങ്ങളിലെ നഖശോഭ ഇല്ലാതാക്കും. ഭക്തമനസ്സിലെ അന്ധകാരത്തെ നഖശോഭയാൽ നല്ലവണ്ണം മറയ്ക്കുക (സംഛന്ന) എന്നുവച്ചാൽ ഇല്ലാതാക്കുകയെന്നർത്ഥം. മനസ്സിലെ അജ്ഞാനം ഇല്ലാതാകണമെങ്കിൽ ദേവിയെ ഒറ്റത്തവണ വേണ്ടപോലെ നമസ്കരിച്ചാൽ മതി. അത്രയ്ക്കു പ്രഭാപൂരിതങ്ങളാണ് ദേവിയുടെ നഖങ്ങൾ. നമ്മുടെ ഉള്ളിലെ അജ്ഞാനം നീക്കാൻതക്ക ശക്തിയുള്ളതാണ് ദേവിയുടെ പാദങ്ങൾ.

സ്വജീവിതത്തെ സൂക്ഷ്മമായി നിരീക്ഷിച്ച് കഴിയുമ്പോൾ ജീവിതത്തിലെ ഒരു ഭാഗത്തും തനിക്ക് ഒരു സ്വാധീനവുമില്ലായെന്നു മനസ്സിലാകും. അവനവന്റെ ബുദ്ധിക്കോ കഴിവിനോ സ്വന്തം ജീവി ▸▸

തത്തിൽ ഒരിടത്തും അനുകൂലമോ പ്രതികൂലമോ ആയ ഒരു സ്വാധീനവും ഉണ്ടാക്കാൻ സാധിക്കില്ലായെന്ന തിരിച്ചറിവ് ഒരു സൂക്ഷ്മദൃക്കായ ഒരാൾക്ക് മനസ്സിലാകും. ആ തിരിച്ചറിവ് താൻ അപ്രസക്തനാണ് എന്ന അറിവുതരും. ആ അറിവിനാൽ സ്വശരീരത്തെപ്പോലും ഈശ്വരപാദപത്മങ്ങളിൽ അർപ്പിക്കുവാൻ പ്രേരിതനാകും ആ ഭക്തൻ. നമ്മൾ എത്തിച്ചേരുന്ന ആ അവസ്ഥയാണ് നമസ്കാരം. നമ്മുടെ ശരീരവുമായി ബന്ധപ്പെട്ടു കിടക്കുന്ന ദേവി. ശരീരബോധം പരിപൂർണ്ണമായി ഇല്ലാതായാൽ മാത്രമേ ദേവി പ്രത്യക്ഷയാവുകയുള്ളൂ. ഭണ്ഡാസുരനെ പേടിച്ചതായ ദേവന്മാർ തങ്ങളുടെ ശരീരബോധം നിശ്ശേഷം നശിച്ച് ശരീരം ദേവിയ്ക്കു ഹോമിക്കുവാൻ ഒരുമ്പെട്ടപ്പോഴാണ് ദേവി പ്രത്യക്ഷമായത് എന്ന് ഇത്തരുണത്തിൽ ഓർമ്മിക്കണം. ശരീരബോധം അങ്ങനെ നിശ്ശേഷം ഇല്ലാതായി ദേവിയെ നമസ്കരിക്കുമ്പോഴാണ് ശരണാഗതി അന്വർത്ഥമാകുന്നത്. അങ്ങനെ നമസ്കരിക്കുമ്പോൾ ദേവിയുടെ പാദപദ്മങ്ങളിലെ നഖശോഭയാൽ നമ്മുടെ ഉള്ളിലെ അജ്ഞാനമെല്ലാം അകലുമെന്ന ആശയം ഇവിടെ സ്പഷ്ടമാകുന്നു.

**പദദ്വയപ്രഭാജാലപരാകൃതസരോരുഹാ = താമരപ്പൂ**ക്കളെ പിൻതള്ളുന്ന ശോഭയുള്ള ഇരുപാദങ്ങളോടുകൂടിയവൾ.

താമരപ്പൂക്കളെപ്പോലും പരാജയപ്പെടുത്തുന്നതാണ് ദേവിയുടെ പാദങ്ങളുടെ ശോഭ. മാത്രമല്ല താമരപ്പൂവിന്റെ മൃദുത്വത്തേക്കാളും മൃദുവാണ് ദേവിയുടെ കാലിണകൾ എന്നും കാണാം. കഴിഞ്ഞ നാമത്തിൽ കൂർമ്മപൃഷ്ഠത്തിനുതുല്യമായ കാഠിന്യം ദേവീപാദങ്ങൾക്ക് കല്പിച്ചപ്പോൾ ഈ നാമത്തിൽ താമരപ്പൂവിനേക്കാൾ മൃദുത്വമുണ്ടെന്നും പറയുന്നു. ഇപ്രകാരം സത്യങ്ങളെ വർണ്ണിക്കുന്നത് രണ്ടു ധ്രുവങ്ങളിൽ നിൽക്കുന്ന സ്വഭാവസവിശേഷതകളെ അവയ്ക്കു കല്പിച്ചുകൊണ്ടാണ്. ഉപനിഷത്തുക്കളിൽ ഓടിക്കൊണ്ടിരിക്കുന്നതെങ്കിലും നിശ്ചലമാണെന്നും അടുത്തു കാണുമെങ്കിലും ദൂരെയാണെന്നും സൂക്ഷ്മങ്ങളിൽവച്ച് അതിസൂക്ഷ്മമെങ്കിലും വലിയവകളിൽവച്ച് ഏറ്റവും വലുതാണെന്നും മറ്റും ഈശ്വരനെ വർണ്ണിക്കുന്നതായി കാണാം. ഇപ്രകാരം ഈശ്വരവർണ്ണനയ്ക്കു നമ്മുടെ പദസമ്പത്ത് പരിമിതമാണെന്നു മനസ്സിലാക്കാം.

ഇതുമാത്രമല്ല ഇവിടെ മനസ്സിലാക്കേണ്ടതായിട്ടുള്ളത്. മറ്റൊന്നുകൂടിയുണ്ട്. രണ്ടു വ്യത്യസ്ത ധ്രുവങ്ങളിലുള്ള ഗുണങ്ങളെ ഒരുമിച്ചു ധ്യാനിക്കേണ്ടിവരുമ്പോൾ മനസ്സ് നിശ്ചലമാകും. ഒരു വസ്തുവിനെ ഒരു ഗുണത്തോടുകൂടി സ്മരിച്ചുകൊണ്ടിരിക്കുമ്പോൾ ആ ഗുണത്തിനു വിരുദ്ധമായ ഗുണത്തെ ആ വസ്തുവിൽത്തന്നെ ആരോപിച്ച് സ്മരിക്കു

മ്പോൾ മനസ്സ് നിശ്ചലമാകും. ഒരേസമയം ദേവീപാദം കഠിനവും മൃദുവുമാണെന്ന ധ്യാനത്താൽ മനസ്സ് നിശ്ചലാവസ്ഥയെ പ്രാപിക്കുകയും സാധകൻ മനസ്സിനപ്പുറം കടക്കുകയും അതുവഴി ഈശ്വരസായൂജ്യം സുകരമാകുകയും ചെയ്യും.

# നന്ദികേശ്വര കാശികാ – 6

## (മന്ത്രശാസ്ത്രത്തിന്റെ അടിസ്ഥാനം)

വ്യാഖ്യാനം : ഡി. പ്രകാശ്

(കഴിഞ്ഞലക്കം തുടർച്ച)

സൂത്രം 2
ഌങക്

**10. ഌങക് സർവ്വേശ്വരോ മായാം**
**മനോവൃത്തിമദർശയത്**
**താമേവ വൃത്തിമാശ്രിത്യ**
**ജഗദ്രൂപമജീജനത്**

സർവ്വേശ്വരഃ ഌ = സർവ്വേശ്വരനായ ഌകാരം
ങ മായാം = ങകാരമാകുന്ന മായാ എന്ന
മനോവൃത്തിം = മനസ്സിലെ വൃത്തിയെ
ക് = കാണിക്കുന്നു
താമേവ വൃത്തിം = ആ വൃത്തിയെതന്നെ
ആശ്രിത്യ = ആശ്രയിച്ചിട്ട്
ജഗദ്രൂപം = ജഗത്തിനെ
അജീജനത് = സൃഷ്ടിച്ചു (ജനിപ്പിച്ചു)

ആദ്യ സൂത്രത്തിൽ അ എന്ന പരബ്രഹ്മസ്വരൂപിയായ ഈശ്വരൻ മായമയിയായ ഇ എന്നതിനെ ആശ്രയിച്ച് ജഗദ്രൂപമായ ഉ എന്ന അക്ഷരമായിതീർന്നുവെന്നു പറഞ്ഞു. അപ്പോൾ സത്യവസ്തു ഒന്ന് എന്ന അദ്വൈത തത്ത്വത്തിന് ഹാനി സംഭവിക്കുമെന്ന തെറ്റിദ്ധാരണ മാറ്റുന്നതരത്തിലുള്ള ആശയമാണ് ഇതിൽനിന്നു ലഭിക്കുന്നത്. 'ഌ' എന്ന അക്ഷരം പരമേശ്വരവാചകവും 'ങ' എന്നത് മായാ എന്ന മനോവൃത്തിയുടെ വാചകവുമാണ്. പരമേശ്വരനെന്ന ഌകാരം മായാ എന്നു വിളിക്കുന്ന സ്വന്തം മനോവൃത്തിയെ 'ങ'കാരത്തെ കാണിക്കുന്നു. അതായത് അവനവനെത്തന്നെ ആശ്രയിച്ചു സ്വന്തം ഇച്ഛയാ ▸▸

ലാണ് ജഗത്തിനെ 'ഋ' എന്ന പരമേശ്വരൻ പ്രകാശമാനമാക്കുന്നത്. അപ്പോഴവിടെ ദ്വൈതഭാവമില്ല. 'സോ/കമായത ബഹു സ്യാം പ്രജായേയ' എന്ന ശ്രുതിവചനം പ്രമാണമാണല്ലോ. ബ്രഹ്മം ചിന്താപൂർവ്വം ആഗ്രഹിച്ച താൻ പലതായി ആവിർഭവിക്കാമെന്ന്. ഋ എന്നത് പരമേശ്വരനാണെന്ന് വ്യക്തമാക്കുന്ന 'ഋതം സത്യം പരംബ്രഹ്മ പുരുഷം കൃഷ്ണപിംഗളം' എന്ന ശ്രുതിവചനവും 'ഌ' എന്നത് പരമേശ്വരന്റെ മനോരൂപമാണെന്ന് വ്യക്തമാക്കുന്ന 'മത്തോ ഹ്യഭ്രന്മനോരൂപം ഌകാരഃ പരമേശ്വരി' എന്ന ശ്രീതന്ത്രവചനവും ഇവിടെ സ്മർത്തവ്യമാണ്. ഇപ്രകാരം എട്ടുകാലിയിൽനിന്നു വരുന്ന വല നെയ്യുവാനുള്ള നൂല് എട്ടുകാലിയിൽനിന്നു ഭിന്നമല്ലാത്തതുപോലെയും ഋകാര ഌകാരങ്ങൾക്ക് വ്യാകരണശാസ്ത്രത്തിൽ താദാത്മ്യം പറയുന്നതുപോലെയും ഇവിടെ പരമേശ്വരനും അദ്ദേഹത്തിന്റെ മനോവൃത്തിയാകുന്ന മായയ്ക്കും തമ്മിൽ ഭേദമില്ല എന്നു വന്നുകൂടുന്നു. ഇപ്രകാരം പരബ്രഹ്മവും അദ്ദേഹത്തിന്റെ മായാശക്തിയും അതിലൂടെ പ്രകാശമാനമാകുന്ന വിശ്വമഖിലവും ഒന്നാണ് എന്നു കിട്ടി. ഇതിന് ദൃഷ്ടാന്തങ്ങൾ അടുത്ത ശ്ലോകത്തിൽ വ്യക്തമാക്കുന്നു.

**11. വൃത്തിവൃത്തിമതോരത്ര**
**ഭേദലേശോ ന വിദ്യതേ**
**ചന്ദ്രചന്ദ്രികയോർയദ്വത്**
**യഥാ വാഗർഥയോരപി**

അത്ര = പരമേശ്വരന്റെയും മായാശക്തിയുടെയും വിഷയത്തിൽ
യദ്വത് = ഏതുപോലെയാണോ
ചന്ദ്രചന്ദ്രികയോഃ = ചന്ദ്രനും ചന്ദ്രികയ്ക്കും
യഥാ = ഏതുപോലെയാണോ
വാഗർഥയോഃ = ശബ്ദാർത്ഥങ്ങൾക്ക്
(തഥാ) = അതുപോലെ
വൃത്തിവൃത്തിമതോഃ = വൃത്തിക്കും വൃത്തിയോടുകൂടിയതിനും
ഭേദലേശഃ അപി = അല്പ വ്യത്യാസംപോലും
ന വിദ്യതേ = ഇല്ല

ചന്ദ്രനും അതിന്റെ നിലാവും ഒന്നാണ്. അവയെ തമ്മിൽ ഒരിക്കലും പിരിക്കാൻ സാധ്യമല്ലല്ലോ. ശബ്ദം അതിന്റെ അർത്ഥവും തമ്മിൽ ഒരിക്കലും പിരിക്കാൻ സാധിക്കാത്തവിധം അവ അഭേദ്യമായിരിക്കുന്നു. അതുപോലെയാണീ വൃത്തിയും വൃത്തിയോടുകൂടിയതും. പരബ്രഹ്മത്തിന്റെ മായാശക്തിയെ വൃത്തിയെന്നും പരബ്രഹ്മത്തെ വൃത്തിമത് എന്നും പറയുന്നു. വൃത്തിയോടുകൂടിയത് (മായാശക്തിയോ

ടുകൂടിയത്) പരബ്രഹ്മം. അതും മായാശക്തിയും തമ്മിൽ യാതൊരു വ്യത്യാസവുമില്ലായെന്ന് ഈ ഉദാഹരണത്തിലൂടെ ഇവിടെ സമർത്ഥിച്ചിരിക്കുന്നു.

**12. സ്വേച്ഛയാ സ്വസ്യ ചിച്ഛക്തൗ**
**വിശ്വമുന്മീലയത്യസൗ**
**വർണ്ണാനാം മധ്യമം ക്ലീബ-**
**മൃണവർണ്ണദ്വയം വിദുഃ**

അസൗ = പരമേശ്വരഃ (പരബ്രഹ്മ)
സ്വേച്ഛയാ = സ്വന്തം ആഗ്രഹത്താൽ
സ്വസ്യ = അവനവന്റെ
ചിച്ഛക്തൗ = മായാശക്തിയിൽ
വിശ്വം = ലോകത്തെ
ഉന്മീലയതി = പ്രകാശിപ്പിക്കുന്നു
വർണ്ണാനാം = വർണ്ണങ്ങളിൽ വച്ച്
മധ്യമം = മധ്യമമായ
ഋണവർണ്ണദ്വയം = ഋവർണ്ണവും ണവർണ്ണവും
ക്ലീബം = നപുംസകങ്ങളെന്ന്
വിദുഃ = അറിയുന്നു

ഋകാരവും ണകാരവും ക്രമത്തിൽ സർവ്വേശ്വരനും മായാശക്തിയുമാണെന്നും അവർ ഈ ജഗത്തിന്റെ ജനകജനനിമാരാണെന്നും മുൻ ശ്ലോകങ്ങളിൽ പറഞ്ഞു. ഇവിടെ ഋകാരണകാരങ്ങളുടെ ആവിർഭാവത്തെ പരിചയപ്പെട്ടാൽ മാത്രമേ ശ്ലോകാശയം വ്യക്തമാകുകയുള്ളൂ. രണ്ടു രേഫങ്ങൾ (രകാരങ്ങൾ) ചേർന്നാൽ ഋകാരവും ലകരാത്തോടു ഇനിയൊരു രകാരം ചേർന്നാൽ ണകാരവും ആവിർഭവിക്കും. അഗ്നിയെ സൂചിപ്പിക്കുന്നതാണ് രകാരമെന്നും ലകാരമാകട്ടെ പൃഥ്വിയെ സൂചിപ്പിക്കുന്നതാണെന്നും മന്ത്രശാസ്ത്രം പറയുന്നു. രേഫവും ലകാരവും ഉച്ചരിക്കുന്നാളുടെ സൂര്യചന്ദ്രനാഡികളായ ഇഡപിംഗളാനാഡികളിലൂടെ സ്പന്ദിക്കുന്നതിനുപകരം അഗ്ന്യംശമായ മധ്യമാനാഡിയായ സുഷുമ്നനാഡിയിലൂടെ കടന്നുപോകുമ്പോഴാണ് ഋണഎന്നീ അക്ഷരങ്ങൾ സ്പഷ്ടമാകുന്നത്. അതിന്റെ ഇരുവശങ്ങളിലുള്ളവയാണ് ഇഡാപിംഗളകൾ. മധ്യമാനാഡിയായ സുഷുമ്ന അഗ്ന്യംശവുംകൂടിയാണ്. അതാണ് രേഫത്തോടു രേഫം ചേരുമ്പോൾ ഋ ആവിർഭവിക്കുമെന്നും ലകാരത്തോടു രേഫം ചേരുമ്പോൾ ണ ആവിർഭവിക്കുമെന്നും പറഞ്ഞത്. മധ്യമാനാഡിയിലൂടെ സ്പന്ദിക്കുമ്പോൾ ആവിർഭവിക്കുന്നതുകൊണ്ടും. സ്ത്രീപുരുഷവിഭാഗത്തെ കാണിക്കുന്ന ഇഡാപിംഗള ▸▸

▸▸ നാഡിയിലൂടെ അല്ലാതെ സ്ത്രീപുരുഷവ്യത്യാസമില്ലാത്ത സുഷുമ്നനാഡിയിലൂടെ സ്പന്ദിക്കുന്നതുകൊണ്ടും മധ്യമനപുംസകാക്ഷരങ്ങൾ എന്നു ഋണവർണ്ണങ്ങളെ വിളിക്കുന്നു.

സാധകന്റെയുള്ളിലുള്ള ഈശ്വരീയശക്തിയുടെ മധ്യമാനാഡിയായ സുഷുമ്നയിലൂടെ മുകളിലേയ്ക്കുള്ള പ്രവാഹമാണ് ഇതിന്റെ ഉച്ചാരണത്തിലൂടെ സാധ്യമാകുന്നത്. അങ്ങനെ സുഷുമ്നാനാഡിയിലൂടെ ഊർദ്ധ്വപ്രവാഹത്താൽ ആവിർഭവിക്കുന്ന ഋകാരണകാരങ്ങളുടെ സംയോഗത്താൽ (സർവ്വേശ്വരമായാശക്തി സംയോഗത്താൽ) ആവിർഭവിക്കുന്ന ജഗത്ത് ഈശ്വരരൂപിതന്നെയെന്നു പറയാൻ കഴിയും.

# സംസ്കൃതപഠനം - 18

ഡി. പ്രകാശ്

(കഴിഞ്ഞലക്കം തുടർച്ച)

? മറ്റേതെങ്കിലും ക്രിയാപദത്തിന്റെ പ്രയോഗത്തിൽ ഇതുപോലെ കർത്താവ് കർമ്മമായി മാറി ദ്വിതീയാവിഭക്തിരൂപം പ്രാപിക്കുന്നതായി പറയാമോ?

ഉ. बालः वाक्यार्थं बोधति = ബാലൻ വാക്യത്തിന്റെ അർത്ഥം മനസ്സിലാക്കുന്നു. ഇവിടെ ബോധിക്കുന്നു എന്ന ക്രിയയുടെ കർത്താവ് ബാലനാണ്. ഇനി നോക്കൂ, ഈ ബാലശബ്ദം കർമ്മസംജ്ഞ നേടി ദ്വിതീയാവിഭക്തിരൂപത്തിൽ ആകും.

अध्यापकः बालं वाक्यार्थं बोधयति = അധ്യാപകൻ ബാലനെ വാക്യാർഥം ബോധിപ്പിക്കുന്നു. മനസ്സിലാക്കുവാൻ പ്രേരിപ്പിക്കുന്നുവെന്നർത്ഥം.

ഇവിടെ വന്നതായ മാറ്റം ശ്രദ്ധിക്കുക.

വാക്യം 1. बालः वाक्यार्थं बोधति।

വാക്യം 2. अध्यापकः बालं वाक्यार्थं बोधयति।

? ബുദ്ധികൊണ്ട് ഗ്രഹിക്കുന്നതായി പറയുന്ന ക്രിയാപദങ്ങളുടെ പ്രയോഗത്തിലെല്ലാം ഇങ്ങനെ സംഭവിക്കുമോ? പ്രേരണാർത്ഥ

ക്രിയയല്ലാത്ത വാക്യത്തിലെ കർത്താവ് പ്രേരണാർത്ഥക്രിയയുടെ വാക്യത്തിൽ കർമ്മമായി മാറുമോ? बोधति എന്നതിന്റെ മറ്റു രൂപങ്ങൾ എന്തെല്ലാമാണ്?

ഉ. ബോധനാർഥക്രിയയുടെ പ്രയോഗത്തിലെല്ലാം ഇങ്ങനെയാണ് വാക്യസ്വരൂപം. पठति, अधीते എന്നീ ക്രിയകളുടെയും പ്രയോഗത്തിലും ഇപ്രകാരം കാണാം. बोधति എന്നതിന്റെ മറ്റു രൂപങ്ങൾ ശ്രദ്ധിക്കുക.

बुध बोधने भ्वादिगणः परस्मैपदी

लट् - वर्तमानकाले

| | | |
|---|---|---|
| बोधति | बोधतः | बोधन्ति |
| बोधसि | बोधथः | बोधथ |
| बोधामि | बोधावः | बोधामः |

? पठति, अधीते എന്നിവയുടെ വാക്യപ്രയോഗത്തിൽ രണ്ടു കർമ്മപദങ്ങളെ ചൂണ്ടികാണിക്കാമോ?

ഉ. തീർച്ചയായും सीता भाषां पठति = സീത ഭാഷ പഠിക്കുന്നു. ഈ വാക്യത്തിൽ പഠിക്കുമ്പോൾ സീത കർത്താവ്. ഈ സീതാശബ്ദം അടുത്ത വാക്യത്തിൽ കർമ്മമാകുന്നത് ശ്രദ്ധിക്കുക.

माता सीतां भाषां पाठयति।

വാക്യം 1. सीता भाषां पठति।

വാക്യം 2. माता सीतां भाषां पाठयति।

ആദ്യത്തെ വാക്യത്തിൽ भाषां എന്ന ഒരു ദ്വിതീയാരൂപം രണ്ടാമത്തേതിൽ सीतां भाषां എന്നീ രണ്ടു ദ്വിതീയാരൂപങ്ങൾ. ആദ്യവാക്യത്തിലെ सीता എന്ന കർതൃപദം രണ്ടാം വാക്യത്തിൽ കർമ്മപദമായി മാറി. എന്തെന്നാൽ पाठयति എന്ന പ്രേരണാർത്ഥത്തിലുള്ള ക്രിയ പ്രയോഗിച്ചു. കർമ്മപദമായപ്പോൾ ദ്വിതീയാവിഭക്തിരൂപം വന്നു.

? अधीते എന്നതിന് ഉദാഹരണം പറയാമോ?

ഉ. कृष्णः श्लोकम् अधीते = കൃഷ്ണൻ ശ്ലോകം പഠിക്കുന്നു (അധ്യയനം ചെയ്യുന്നു).

▸▸

▸▸ ഇത് പ്രേരണാർത്ഥക്രിയയിൽ പ്രയോഗിക്കുമ്പോൾ गुरुः कृष्णं श्लोकम् अध्यापयति എന്നായിമാറും. ഇവിടുത്തെ കർമ്മദ്വയവും അതിനെ തുടർന്നുവന്ന ദ്വിതീയാവിഭക്തിരൂപവും ശ്രദ്ധിച്ചു വല്ലോ.

? पठति, अधीते എന്നിവയുടെ മറ്റുരൂപങ്ങൾ പറഞ്ഞുതരുമോ?

अधिपूर्वः इङ् (अध्ययने) धातुः अदादिगणः आत्मनेपदी

लट् - वर्तमानकाले

| | | |
|---|---|---|
| अधीते | अधीयाते | अधीयते |
| अधीषे | अधीयाथे | अधीध्वे |
| अधीये | अधीवहे | अधीमहे |

पठ व्यक्तायां वाचि धातुः भ्वादिगणः परस्मैपदी

लट् - वर्तमानकाले

| | | |
|---|---|---|
| पठति | पठतः | पठन्ति |
| पठसि | पठथः | पठथ |
| पठामि | पठावः | पठामः |

## ഭദ്രകാള്യഷ്ടകം

ഒറവങ്കര

**സാടോപദുർജനകുലാനി നിബർഹയന്തീ**
**സാധൂനമേയമഹിമാ പരിപാലയന്തീ**
**വേധോഹരീശമുഖസർവസുപർവതേജഃ-**
**പുഞ്ജായിതാ ജയതി സാ ഖലു ഭദ്രകാളീ** 1

ലോകദ്രോഹികളായ അസുരന്മാരെ നിഃശേഷം നിഗ്രഹിക്കുന്നവളും സജ്ജനങ്ങളെ സദാ പരിപാലിക്കുന്നവളും ബ്രഹ്മാദികളായ സകലദേവന്മാരുടേയും തേജസ്സ് ഒന്നിച്ചുചേർന്നാലെന്നപോലെ ശോഭിക്കുന്നവളുമായ ആ ഭദ്രകാളീദേവി സദാ വിജയിക്കുന്നു.

**ദൈത്യാധമേ വിധിവരാദജിതാദ്യവധ്യേ**
**ലോകേശ്വരാനപി വിനിന്ദതി സാവലേപം**
**ക്രോധജ്വലദ്ഭവലലാടദൃശോ/തിഭീമാ**
**യാ/ഭ്രദശേഷഭുവനം കിമു സംജിഹീർഷുഃ** 2

ദാരുകനെന്ന അസുരരാജാവ് ബ്രഹ്മവരത്താൽ ത്രിമൂർത്തികൾക്കുപോലും അവധ്യനായി ത്രൈലോക്യത്തെ മുഴുവൻ ബാധിച്ചപ്പോൾ ലോകരക്ഷയ്ക്കായി കോപിച്ച പരമശിവന്റെ മൂന്നാം തൃക്കണ്ണിൽനിന്ന്, മൂവുലകം ഒന്നിച്ച് പെട്ടെന്ന് സംഹരിക്കാനാണോ എന്നു തോന്നുംവണ്ണം അത്ര ഭയങ്കരരൂപത്തിൽ ദേവി ഭദ്രകാളി ആവിർഭവിച്ചു.

**ദംഷ്ട്രോത്ക്കടൈഃ ശിഖിദൃഗുജ്ജ്വലഫാലദേശൈ-**
**രാസ്യൈർഭുജൈശ്ച ധൃതശസ്ത്രഗണൈരസംഖ്യൈഃ**
**മൂർത്ത്യാ/ഞ്ജനാദ്രിനിഭയാ ച മഹോഗ്രരൂപാ**
**ശംഭോരലക്ഷി ച പുരഃ പരുഷാട്ടഹാസാ.** 3

അതിഭയാനകങ്ങളായ അനേകം ദംഷ്ട്രകളോടുകൂടിയ അനേകം മുഖങ്ങളും അതികരാളങ്ങളായ പലതരം ആയുധങ്ങളേന്തിയ അസംഖ്യം കൈകളും ധരിച്ച് അഞ്ജനപർവതംപോലെ വലുതായ ആ ഭദ്രകാളീദേവി ദിക്കുകളെട്ടും പൊട്ടുന്ന അട്ടഹാസത്തോടെ പരമശിവന്റെ മുമ്പിൽ കാണപ്പെട്ടു.

**ത്രസ്താമുമാം ച നയനത്രയചാരു ഭ്രഷാ-**
**ശസ്ത്രാഢ്യഷോഡശഭുജം ശശിഖണ്ഡചൂഡം**
**ദംഷ്ട്രാചതുഷ്ടയമനോജ്ഞമുഖം ച സൗമ്യം**
**ഗാത്രം ദധത്യരമവന്ദത സാ/വതാന്നഃ** 4

ഈ രൂപത്താലും അട്ടഹാസത്താലും ഭയത്രസ്തരായി നില്ക്കുന്ന പാർവ്വതീപരമേശ്വരന്മാരെ ദേവി വേഗത്തിൽ വെറും ഷോഡശഭുജങ്ങളോടുകൂടിയതും നാലു ദംഷ്ട്രകളാൽ അതിമനോഹരവും അത്യന്തം സൗമ്യവുമായ രൂപമാർന്നു പ്രണമിച്ചു. ആ ഭദ്രകാളീദേവി നമ്മളെ ഏവരേയും എപ്പോഴും പരിപാലിക്കട്ടെ.

**ശ്രീകണ്ഠദത്തസകലാസ്ത്രയുതാ/ധിരുഹ്യ**
**വേതാളികാഗളതലം സഹ മാതൃഭിർയാ**
**ഭൂതൌഘനന്നപടഹധ്വനികമ്പിതാശം**
**ഗത്വാ//ശു ദാരുകമഥാ//ഹ്വയതാ//ഹവായ** 5

ഉടനേ ദേവി, പരമശിവൻ കൊടുത്ത ആയുധങ്ങൾ ധരിച്ച് വേതാളത്തിന്റെ കഴുത്തിലേറി മറ്റു മാതൃഗണങ്ങളൊത്ത് ഭൂതഗണ

▸▸ ങ്ങളാൽ അടിക്കപ്പെടുന്ന പെരുമ്പറഘോഷംകൊണ്ട് ദിക്കെല്ലാം വിറപ്പിച്ചുകൊണ്ടുചെന്ന് ദാരുകനെ യുദ്ധത്തിനു വിളിച്ചു.

**ഹത്വാഽഥ തം സമരമൂർദ്ധനി സന്നിവൃത്താ**
**ശക്രാദിഭിഃ പരിവൃതാ വിബുധൈഃ സ്തുവദ്ഭിഃ**
**കൈലാസമേത്യ ശിതികണ്ഠമവന്ദതാഽഽശു**
**താത പ്രിയം കിമപരം കരവൈ തവേതി** 6

അതിഭയങ്കരയുദ്ധത്തിൽ ദേവി ദാരുകനെ നിഗ്രഹിച്ച് ഇന്ദ്രാദി ദേവന്മാരാൽ ചുറ്റുംനിന്നു സ്തുതിക്കപ്പെടുന്നവളായി തിരിച്ച് കൈലാസത്തിലെത്തി "അച്ഛാ, ഞാനെന്താണ് ഇനി അവിടേയ്ക്കുവേണ്ടി അനുഷ്ഠിക്കേണ്ടത്" എന്നു ചോദിച്ചുകൊണ്ട് പരമശിവനെ വണങ്ങി.

**കാര്യം കൃതം സുഖമതോ നിവസ ത്വമത്ര**
**മത്തുല്യഭൂതിരഥവാ ധരണീമുപേതാ**
**ഭൂതാദിഭിഃ പരിവൃതാ പരിപാലയന്തീ**
**മർത്ത്യാനഭീഷ്ടവരദാ വിജയസ്വ ഭദ്രേ!** 7

ദുഷ്ടനിഗ്രഹമാകുന്ന എന്റെ മനോരഥം നീ സാധിപ്പിച്ചു. ഇനി ഗണങ്ങളൊത്തു എന്നോടു തുല്യമായ ഐശ്വര്യങ്ങളോടുകൂടി ഇവിടെ താമസിക്കാം. അല്ലെങ്കിൽ ഭൂമിയിൽചെന്നു മനുഷ്യർക്ക് സർവ്വകാമിതങ്ങളുമേകി അവരെ കാത്തുകൊണ്ടു വിജയിച്ചാലും.

**കാലാരിണൈവമുദിതോദിതപക്ഷപാതാ**
**ഭൂമാവിഹാംബരതലാദവതീര്യ സദ്യഃ**
**ക്ഷേത്രേഷു ഭൂരിഷു കൃതസ്ഥിതിരാതനോതു**
**സാ നഃ ശിവം സുജനകാമിതകല്പവല്ലീ.** 8

പരമശിവൻ ഇങ്ങനെ പറഞ്ഞപ്പോൾ മനുഷ്യരിൽ അധികം അലിവാർന്ന ദേവി പെട്ടെന്നു ഭൂമിയിലെത്തി പുണ്യക്ഷേത്രങ്ങളിൽ കുടികൊണ്ടവളും സജ്ജനങ്ങളുടെ കാമിതങ്ങളെല്ലാം സഫലങ്ങളാക്കുന്ന ആ ഭദ്രകാളീദേവി നമുക്കേവർക്കും സർവമംഗളങ്ങളുമരുളട്ടെ!

**മാർക്കണ്ഡേയപുരാണോക്ത-**
**മിദം കാളീസമുദ്ഭവം**
**നിത്യം പഠതി യോ ഭക്ത്യാ**
**സ ദേവീലോകമാപ്നുയാത്** 9

മാർക്കണ്ഡേയപുരാണാന്തർഗതമായ ഭദ്രകാളീ മാഹാത്മ്യത്തിന്റെ സാരഭൂതമായ ഈ ഭദ്രകാള്യഷ്ടകം ആരാണോ ഭക്തിയോടുകൂടി ചൊല്ലുന്നത് ആ ഭക്തൻ തീർച്ചയായും ദേവീലോകത്തെ പ്രാപിക്കും.

തന്ത്രശാസ്ത്രത്തിന് ഒരു ആമുഖം – 12

# കേരളവും തന്ത്രശാസ്ത്രവും

സി.എം. കൃഷ്ണനുണ്ണി

കഴിഞ്ഞലക്കം തുടർച്ച

ഇനി നമുക്കു കേരള സാഹചര്യത്തിലേയ്ക്കു തിരിയാം. കേരളത്തിലെ താന്ത്രികരിൽ പ്രഥമസ്ഥാനീയൻ പറയിപെറ്റ പന്തിരുകുലത്തിലെ നാറാണത്തു ഭ്രാന്തനാണ്. പാക്കനാരും താന്ത്രികൻതന്നെ. ദാനം കിട്ടിയ സ്വർണ്ണനിർമ്മിതമായ ആനയേയുംകൊണ്ട് ഇല്ലത്തേയ്ക്കു പോവുകയായിരുന്ന ആഴ്വാഞ്ചേരി തമ്പ്രാക്കളോടു 'ജീവനില്ലാത്തവയുടെ അവകാശം അടിയങ്ങൾക്കാ'ണെന്നു പാക്കനാർ പറഞ്ഞതായാണ് കഥ. പാക്കനാരുടെ വാക്കുകൾ കേട്ട തമ്പ്രാക്കൾ സ്വർണ്ണ ആനയെ പുറത്തെടുത്തുവച്ച് വെള്ളം ജപിച്ചുതളിച്ച് അതിനെ ജീവനുള്ളതാക്കി നടത്തിക്കൊണ്ടുപോയി എന്നാണു കഥ. കേരളപ്പഴമയുടെ മാന്ത്രികപൈതൃകമാണ് ഈ കഥയിലൂടെ ഊഹിക്കുവാനാകുന്നത്. പറയിപെറ്റ 12 പേരുടെയും അച്ഛനായ വരരുചിയുടെ 'വായ കീറീട്ടുണ്ടെങ്കിൽ അന്നവും വിധിച്ചിട്ടുണ്ട്' എന്ന ഉറച്ച വിശ്വാസത്തിൽനിന്ന് ഉൽക്കണ്ഠകളിലേയ്ക്കും ആകുലതകളിലേയ്ക്കും നവീന കേരളം വന്നുവീണിരിക്കുന്നത് സാംസ്കാരിക നഷ്ടത്തിന്റെ സ്വാഭാവിക പരിണതിയായേ കാണുവാനാവൂ.

തുഞ്ചത്തെഴുത്തച്ഛന്റെയും കരകവിഞ്ഞൊഴുകിയ കാവേരിനദി മന്ത്രശക്തിയാൽ തരണംചെയ്ത തരണനല്ലൂർ തന്ത്രിയുടെയും മഹാപൈതൃകവും കേരളത്തിന്റേതാണ്. ഒട്ടേറെ അടരുകളും അടുക്കുകളുമുള്ളതാണ് കേരളതാന്ത്രികപാരമ്പര്യം എന്നു ചൂണ്ടിക്കാണിക്കുകയാണ് ഈ ഉദാഹരണങ്ങളിലൂടെ ഉദ്ദേശിക്കുന്നത്. പാണൻ, പുലയൻ, മണ്ണാൻ, വേലൻ തുടങ്ങിയ ആദിമ സമുദായങ്ങളിൽ ഓരോന്നിനും അതാതിന്റേതായ താന്ത്രിക-മാന്ത്രിക പാരമ്പര്യങ്ങൾ കേരളദേശത്തു വികസിപ്പിക്കപ്പെട്ടിരുന്നു. 'ഗുരുവിനാണേ സ്വാഹ' എന്നു പച്ചമലയാളത്തിൽ അവസാനിക്കുന്ന പല മന്ത്രങ്ങളും ഇവിടെ പ്രചാരത്തിലുണ്ടായിരുന്നു. ഭാരതത്തിന്റെയും കേരളത്തിന്റെയും ഭൂമിശാസ്ത്രവർണ്ണനകൾ ഉള്ളടങ്ങിയവയാണ് ഈ മന്ത്രങ്ങളിൽ പലതും എന്നത് താൽപ്പര്യജനകമത്രെ. സംസ്കൃതത്തിന്റെയോ വേദങ്ങളുടെയോ പ്രകടമായ സ്വാധീനമൊന്നും ഇവയിൽ കാണുന്നില്ല. കാട്ടിലും ▸▸

▸▸ ഏകാന്തസ്ഥലങ്ങളിലും രാത്രിയുടെ മറവിൽ മുക്കുട്ടപ്പെരുവഴിയിലും ചുടലപ്പറമ്പുകളിലും പന്തത്തിന്റെ അഗ്നിപ്രഭയിൽ നിർവ്വഹിക്കുന്ന വളരെ ലളിതമായ താന്ത്രികക്രിയകൾ നൂറുശതമാനം ഫലസിദ്ധിയുണ്ടാക്കിയിരുന്നു. ആ തന്ത്രശാസ്ത്രവിജ്ഞാനം ഏറെക്കുറെ നവീന പരിഷ്കാരപ്രളയത്തിൽ നഷ്ടമായിരിക്കുന്നു. എങ്കിലും ചിലയിടങ്ങളിൽ അത് ഇന്നും നിലനിൽക്കുന്നുണ്ട്.

പുരാതന കേരളീയരുടെ കൊറ്റവകളായിരുന്ന അച്ചൻകോവിലുകളാണ് ഇന്നു കാണുന്ന പല ദുർഗ്ഗാലയങ്ങളും. മാടൻ, മുത്തപ്പൻ, കരിങ്കാളി, ഓടക്കാളി തുടങ്ങിയ അനേകം മൂർത്തിഭാവങ്ങൾ കേരളക്കരയ്ക്കു പ്രത്യേകമായുണ്ട്. ഇത്തരം മൂർത്തിവൈഭവത്തനിമകൾ മറ്റു പ്രഖ്യാത മൂർത്തികൽപ്പനകളിൽ വിലയം പ്രാപിച്ച് ഇല്ലാതായതും ഇല്ലാതാക്കപ്പെട്ടതുമായ ചരിത്രവും കേരളത്തിനുണ്ട്. ആടുവെട്ടും, കോഴിവെട്ടും കള്ളും കടലയും നിവേദിക്കുന്ന സമ്പ്രദായവും കേരളീയ കാവുകളിൽനിന്ന് പുറംതള്ളപ്പെട്ടുമട്ടാണ്. പക്ഷേ, തെരുവോരങ്ങളിലെ നരമേധം നിർത്തലാക്കാൻ നമുക്കായിട്ടില്ല. കൊടുങ്ങല്ലൂർക്കാവ് തീണ്ടൽ ചടങ്ങിനെ അവമതിക്കുന്ന നമ്മുടെ രാത്രികളും ടി.വി. ചാനലുകളും ഐസ്ക്രീം പാർലറുകളും പബ്ബുകളും നീലനിലാവിൽ കുളിച്ചുനിൽക്കുന്നു.

(തുടരും)

ഔഷധസസ്യങ്ങൾ - 5

## രുദ്രാക്ഷം

ഉണ്ണികൃഷ്ണൻ കിഴുത്താനി

പുണ്യപുരാതനമായ രുദ്രാക്ഷത്തിന് ഹിന്ദുക്കൾ വലിയ പ്രാധാന്യം നല്കിയിരിക്കുന്നു. ഭക്തിയുടെയും വിശ്വാസത്തിന്റെയും പ്രതീകമായിട്ടാണ് പലരും പലപ്പോഴും ഇതു ധരിക്കുന്നത്. സർവ്വോപരി ഹൃദ്രോഗം, മാനസികവ്യഥ ഇവയകറ്റാൻ ശക്തിയുള്ള ഒരു ദിവ്യൗഷധമായും രുദ്രാക്ഷത്തെ നാം കണക്കാക്കുന്നു.

ഇലേയോ കാർപേസി കുടുംബത്തിൽപ്പെട്ട രുദ്രാക്ഷത്തിന്റെ ശാസ്ത്രനാമം ഇലേയോ കാർപസ് ഫീരിക്കസ് എന്നാണ്. സംസ്കൃതത്തിൽ ശിവപ്രിയം, ശിവാക്ഷം തുടങ്ങിയ പേരുകളുണ്ട്.

രുദ്രാക്ഷത്തിന്റെ ഫലം (കായ്) ഔഷധാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. വാത-പിത്തരോഗങ്ങൾക്കു ശമനൗഷധമായി ഉപ

യോഗിക്കുന്നു. ശരീരത്തിന്റെ ചുട്ടുനീറ്റവും മനോവിഭ്രാന്തിയും അകറ്റുന്നു. ശരീരത്തിലെ നാഡീസംബന്ധമായ രോഗങ്ങൾ ശമിപ്പിക്കാനുള്ള ഔഷധവീര്യം ഇതിൽ അടങ്ങിയിരിക്കുന്നു. ഹൃദയം, ശ്വാസകോശങ്ങൾ ഇവയുടെ സങ്കോചവികാസ ക്ഷമത വർദ്ധിപ്പിക്കുന്നു. അതുവഴി രക്തചംക്രമണം സുഗമമാക്കാനും സഹായിക്കുന്നു. രക്തസമ്മർദ്ദം കുറയ്ക്കാനുള്ള ശക്തിയും രുദ്രാക്ഷത്തിനുണ്ട്. ശിരോരോഗങ്ങൾ ശമിപ്പിക്കുന്നു. മാനസിക പിരിമുറുക്കത്താലനുഭവപ്പെടുന്ന ഭൂത-ബാധ അകറ്റാനുള്ള അമൂല്യമായ കഴിവുമുണ്ട്.

കുട്ടികൾക്കനുഭവപ്പെടുന്ന ശ്വാസസംബന്ധമായ വിഷമങ്ങൾ കഫക്കെട്ട് ഇവയ്ക്ക് രുദ്രാക്ഷം തേനിൽ നന്നായി അരച്ചുചാലിച്ച് കൊടുക്കുന്നത് ഫലപ്രദമാണ്. ഇത് ദിവസം മൂന്നു പ്രാവശ്യംവീതം നാലോ അഞ്ചോ ദിവസം കൊടുത്താൽ അസുഖം മാറും. പല മുഖങ്ങളുള്ള രുദ്രാക്ഷങ്ങളെപ്പറ്റി ഗ്രന്ഥങ്ങളിൽ പരാമർശിക്കുന്നുണ്ടെങ്കിലും ദീർഘമായി ഇവിടെ പ്രതിപാദിക്കാനുദ്ദേശിക്കുന്നില്ല.

യോഗീമുദ്രയുള്ള രുദ്രാക്ഷം ധരിച്ചാൽ ധൈര്യം, സ്ഥൈര്യം ഇവ വർദ്ധിക്കും. സത്വഗുണമുള്ള രുദ്രാക്ഷം ധരിക്കുമ്പോൾ അതിനനുസൃതമായ ജീവിതരീതി അനുവർത്തിച്ചാൽ മാത്രമേ യഥാർത്ഥ ഗുണഫലം ലഭിക്കുകയുള്ളൂ.

# കുബേരൻ കൊള്ളപ്പലിശക്കാരനോ?

സി.എം. കൃഷ്ണനുണ്ണി

കൊള്ളപ്പലിശക്കാനായിരുന്നുവോ കുബേരൻ? കേരള ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല അങ്ങനെയാണ് കരുതിയിരിക്കുന്നതെന്നു തോന്നുന്നു. ബ്ലെയ്ഡ് മാഫിയയുടെ ഭീഷണി കാരണം തിരുവനന്തപുരത്ത് ഒരു അഞ്ചംഗകുടുംബം കൂട്ട ആത്മഹത്യചെയ്ത സംഭവം സംസ്ഥാന ആഭ്യന്തരവകുപ്പിനെ ഉണർന്നു പ്രവർത്തിക്കുവാൻ പ്രേരിപ്പിച്ചുവെന്നു തോന്നുന്നു. അവർ കൂട്ട മരണം വരിച്ചപ്പോഴായിരിക്കാം സംസ്ഥാനത്ത് കൊള്ളപ്പലിശക്കാരുടെ റാക്കറ്റ് സജീവമാണെന്ന തിരിച്ചറിവ് കേരള സർക്കാറിനുണ്ടായത്. സർക്കാറിന്റെ അധീനതയിൽ പോലീസിന്റെ രഹസ്യാന്വേഷണ വിഭാഗമില്ലേ എന്നൊന്നും ചോദിക്കരുത്. കഥയിൽ ചോദ്യമില്ല. സർക്കാർ ഉണർന്നു പ്രവർത്തിച്ചുവെന്ന് ഇടയ്ക്കിടെ ജനങ്ങൾക്ക് തോന്നണമെങ്കിൽ സർക്കാർ ഇടയ്ക്കിടെ ഉറങ്ങുകയും

▶▶ വേണമല്ലോ.

വിഷയം അതല്ല. സംസ്ഥാനത്തെ കൊള്ളപ്പലിശക്കാർക്കും ബ്ലെയ്ഡ് മാഫിയയ്ക്കുമെതിരെ ഉണർന്നു പ്രവർത്തിച്ചുകളയാം എന്നു കരുതി ഉണർന്ന സംസ്ഥാന ആഭ്യന്തരവകുപ്പ്, തങ്ങളുടെ ഈ പ്രവർത്തനത്തിന് ഒരു പേരിട്ടു. 'ഓപ്പറേഷൻ കുബേര'! കുബേരനെ തേടിയിറങ്ങൽ, കുബേരനെ വേട്ടയാടൽ എന്നെല്ലാം നമുക്ക് അതിന്റെ അർത്ഥം മനസ്സിലാക്കാം. അപ്പോൾ കുബേരൻ ആരായിരിക്കാം? ബ്ലെയ്ഡ് മാഫിയാ തലവനോ? കൊള്ളപ്പലിശയ്ക്ക് പണം വായ്പ നൽകുന്നവനോ? മതേതര കേരളം അങ്ങനെയങ്ങ് വിശ്വസിക്കട്ടെ എന്ന് സംസ്ഥാന സർക്കാർ കരുതിക്കാണും. മതേതരന് ദേശീയ സാംസ്കാരിക പൈതൃകത്തെയോ പുരാണേതിഹാസങ്ങളെയോ കുറിച്ച് അറിവു പാടില്ലല്ലോ. ആ അറിവെല്ലാം ' ഹിന്ദു വർഗ്ഗീയവാദികൾ'ക്കായി സംവരണം ചെയ്തു വെച്ചിരിക്കുകയാണ്. അക്കൂട്ടർക്കാണെങ്കിൽ ഈ കൂട്ടൊന്നും മണ്ടയിലാക്കാൻ മനസ്സുമില്ല. അതാണല്ലോ അക്കൂട്ടരിൽനിന്ന് യാതൊരു പ്രതിഷേധവുമുയരാഞ്ഞത്.

പാവം കുബേരൻ! കുബേരനെന്തു പിഴച്ചു? ആരാണ് കുബേരനെന്ന് അറിയാത്തവർക്കാണ് പിഴച്ചത്. അഷ്ടദിക്പാലകനാണ് വിശ്രവസ്സിന്റെ മകനായ കുബേരൻ. വിശ്രവസ്സിന് ഇളിബിളയിൽ കുബേരൻ ജനിച്ചു. മറ്റു ഭാര്യമാരിൽ വിശ്രവസ്സിനു പിറന്ന മക്കളാണ് രാവണനും വിഭീഷണനും കുംഭകർണ്ണനും. വിഷ്ണു, ബ്രഹ്മാവ്, പുലസ്ത്യൻ, വിശ്രവസ്സ് എന്നിങ്ങനെയാണ് കുബേരന്റെ പിതൃപരമ്പര.

അച്ഛനായ വിശ്രവസ്സ് മൂത്തമകനായ കുബേരന് അദ്ദേഹത്തിന്റെ അപേക്ഷയനുസരിച്ച് പണിയിച്ചു നൽകിയതാണ് ലങ്കാനഗരം. സഞ്ചരിയ്ക്കാൻ പുഷ്പകവിമാനവും നല്കി. പക്ഷേ, രാവണൻ ലങ്കാനഗരവും പുഷ്പകവിമാനവും പിടിച്ചടക്കി, കുബേരനെ തുരത്തിയോടിക്കുകയായിരുന്നു (മഹാഭാരതം, വനപർവ്വം, 275-ാം അദ്ധ്യായം). പരാജിതനായ കുബേരൻ പിന്നീട് വടക്കുദിക്കിൽ ചെന്ന് ഗന്ധമാദന പർവ്വതത്തിൽ വാസമുറപ്പിച്ചു.

പൈതൃകമായി കിട്ടിയ വാസസ്ഥലവും സ്വത്തും വാഹനവും നഷ്ടപ്പെട്ട കുബേരനെങ്ങനെ കൊള്ളപ്പലിശക്കാരനാവും? അദ്ദേഹത്തിന്റെ പേര് എങ്ങനെ ബ്ലെയ്ഡ് മാഫിയയെ പിടിക്കുവാനുള്ള പോലീസിന്റെ ശ്രമത്തിനും വിഭാഗത്തിനുമുള്ള ചേർച്ചയുള്ള പേരാവും? ഓപ്പറേഷൻ ഷൈലോക് എന്ന പേരാണ് കേരള

സർക്കാർ സ്വീകരിച്ചിരുന്നതെങ്കിൽ ഉചിതമാകുമായിരുന്നു. വിശ്വസാഹിത്യ പരിചയവും നമ്മുടെ സർക്കാറിനും രാഷ്ട്രീയനേതാക്കന്മാർക്കും ഇല്ലാതെപോയി.

സമ്പത്തിന്റെ അധിദേവതയായാണ് കുബേരനെ കണക്കാക്കി വരുന്നത്. സമ്പത്ത് എന്നാൽ പണം എന്നാണ് പൊതുധാരണ. സമ്പത്തുള്ളവൻ അഥവാ പണക്കാരൻ എന്ന നിലയിലായിരിക്കാം കുബേരനെ പിടിച്ച് സർക്കാർ ഓപ്പറേഷന് ഉപയോഗിച്ചുകളഞ്ഞത്. എല്ലാ പണക്കാരും അന്യന്റെ മുതൽ കവർന്നോ തട്ടിപ്പറിച്ചോ എടുത്തവരായിരിക്കുമെന്ന ധാരണ ശരിയല്ല. റിസർവ്വ് ബാങ്ക് ആരിൽനിന്നും തട്ടിപ്പറിച്ചോ കൊള്ളചെയ്തോ സമാഹരിച്ച പണത്തിന്റെ അധീശത്വമല്ലല്ലോ പുലർത്തുന്നത്. കറൻസി മുഴവൻ റിസർവ്വ് ബാങ്കിൽനിന്നും വരുന്നതാണ്. അതുകൊണ്ടായിരിക്കാം ഹിന്ദു സംസ്കാരപൈതൃകത്തിൽ അഭിമാനിക്കുന്ന ഇന്തോനേഷ്യ എന്ന മുസ്ലീം രാജ്യം, അവരുടെ കേന്ദ്ര ബാങ്കിന് 'കുബേര ബാങ്ക്' എന്നു പേരിട്ടത്. 'ഗരുഡ എയർ ലൈൻസും' രാമായണമേളകളുമുള്ള ഇന്തോനേഷ്യ എന്ന മുസ്ലീം രാജ്യത്തെ ഓർമ്മയിൽ കൊണ്ടുവരാതിരിക്കുന്നത് മതേതര കേരളത്തിന് ഉറങ്ങാൻ സൗകര്യംതന്നെ.

സമ്പത്തിന്റെ അധിദേവത എന്നാൽ പണത്തിന്റെ അധിദേവത എന്നു മാത്രമല്ല അർത്ഥം. സമ്പത്ത് എന്നാൽ 'സമ്യക്കായ പദം സാദ്ധ്യമാക്കുന്നത്' എന്നാണ് അർത്ഥം. അതായത് സന്തുലിതമായ കാൽവെപ്പുകൾ സാദ്ധ്യമാവുന്ന അവസ്ഥ. സന്തുലിത പുരോഗതിയ്ക്ക് പണം, ആരോഗ്യം, കുടുംബം, മിത്രങ്ങൾ, സഹായികൾ തുടങ്ങി പലതും പലരും ആവശ്യമുണ്ടല്ലോ. അതെല്ലാം സമ്പത്തിന്റെ അർത്ഥ പരിധിയിൽ വരും. നമ്മുടെ ജീവിതയാത്ര താളം തെറ്റാതെയും അടിപതറാതെയും നയിക്കുവാനായ എല്ലാറ്റിന്റെയും അധിദേവതയാണ് വടക്കുദിക്കിന്റെ അധിപനായ കുബേരൻ.

രാവണൻ എന്ന അർദ്ധ സഹോദരനാൽ സ്വത്തും വാഹനവും തട്ടിപ്പറിച്ചെടുക്കപ്പെടുകയും ആട്ടിയോടിക്കപ്പെടുകയും ചെയ്ത കുബേരനെങ്ങനെ സമ്പത്തിന്റെ അധിദേവതയാവും? രാവണൻ താളംതെറ്റിച്ച ജീവിതമാണല്ലോ ശിഷ്ടകാലം കുബേരൻ വടക്കേദിക്കിലെ ഗന്ധമാദനപർവ്വതത്തിൽ കഴിച്ചുകൂട്ടിക്കൊണ്ടിരിക്കുന്നത്! ഇങ്ങനെയൊക്കെ സംശയിച്ചുപോയാൽ തെറ്റു പറഞ്ഞുകൂടാ.

ഭൗതികമായ ഏതു സ്വത്തുക്കളും വിഭവങ്ങളും നശിക്കുകയോ ▸▸

▶▶ നഷ്ടമാവുകയോ ചെയ്യും എന്ന പാഠമാണ് കുബേരന്റെ രാവണനോടുള്ള പരാജയവും പലായനവും സൂചിപ്പിക്കുന്നത്. ലങ്കാനഗരവും പുഷ്പകവിമാനവും നഷ്ടപ്പെട്ടതുകൊണ്ട് കുബേരന്റെ സമ്പത്ത് ക്ഷയിക്കുന്നില്ല. ആ ക്ഷയിക്കാത്ത സമ്പത്തുമായാണ് കുബേരൻ വടക്കേദിക്കിലെ ഗന്ധമാദനപർവ്വതത്തിൽ സാന്നിദ്ധ്യം ചെയ്യുന്നത്.

കൂടുതൽ വിശദീകരണം ആവശ്യമുള്ള ഭാഗമാണിത്. ഭൂപടത്തിൽ വടക്കുദിക്ക് ഏറ്റവും മുകൾഭാഗത്താണല്ലോ കണക്കാക്കപ്പെടുക. ഏറ്റവും മുകളിലെ ഗന്ധമാദനപർവ്വതത്തിലാണ് കുബേരൻ വാഴുന്നത് എന്നു പറഞ്ഞാൽ അദ്ദേഹത്തിന്റെ ബോധപരമായ ഉയർച്ചയും വികാസവുമാണ് കുറിക്കപ്പെടുന്നത്. ഗന്ധമാദനപർവ്വതം എന്നാൽ മദനഗന്ധം പൊഴിക്കുന്ന ഉന്നതശൃംഗം എന്ന് മനസ്സിലാക്കണം. സഹസ്രാരചക്രത്തോളം ഉയർന്ന് ശിവശക്തി മേളന ഫലമായുള്ള ദിവ്യാമൃതത്തിന്റെ ഗന്ധം നുകരുന്ന അവസ്ഥയാണ് വടക്കുദിക്കിലെ ഗന്ധമാദന പർവ്വതത്തിൽ വാഴുന്ന കുബേരന്റെ അവസ്ഥ.

ഇവിടെ സാരാംശഗ്രാഹികൾക്കു വെളിപ്പെടുന്ന ഒരു വസ്തുത, യഥാർത്ഥ സമ്പത്ത് ബോധതലത്തിൽ ഉയർന്ന അവസ്ഥയും വികസിതമായ അവസ്ഥയുമാണെന്നാണ്. പണവും പ്രതാപവും പദവിയും ഭാര്യാപുത്രന്മാരും മിത്രങ്ങളും സഹായികളും എല്ലാമെല്ലാം ബോധോദയത്തോടു തട്ടിച്ചുനോക്കുമ്പോൾ തുച്ഛമായ സമ്പത്തുക്കൾമാത്രം. പരമമായ സമ്പത്ത് പരമബോധപ്രാപ്തി എന്ന പരമാത്മപ്രാപ്തിയാണ്. ആ സമ്പത്തിന്റെ അധിപനാണ് കുബേരൻ. ആ കുബേരനെ കേരള സർക്കാറിന്റെ ഓപ്പറേഷന് കൂട്ടാക്കിയത് നമ്മുടെ സംസ്കാരച്യുതിയുടെയും പുരാണേതിഹാസ പരിചയമില്ലായ്മയുടെയും മികച്ച ഉദാഹരണം മാത്രം.

ഇങ്ങനെ നാം നാരദനെയും ശ്രീകൃഷ്ണനെയും വാമനനേയും മറ്റനേകം സാംസ്കാരിക-ആദ്ധ്യാത്മിക ബിംബങ്ങളെയും അവമതിക്കുന്നവരാണ്. വാമനൻ ആദ്യത്തെ ഭൂമാഫിയാ തലവനാണെന്ന് കേരളത്തിലെ ഒരു ഉയർന്ന പോലീസ് ഓഫീസർ ഗൾഫ് രാജ്യത്തുപോയി ഓണാഘോഷ പരിപാടിയിൽ പ്രസംഗിച്ചതായി റിപ്പോർട്ടുണ്ടായിരുന്നു. സ്ത്രീലമ്പടനെ നാം ശ്രീകൃഷ്ണനെന്നും വിളിക്കും. ഏഷണിക്കാരനെ നാം നാരദനെന്നു വിളിക്കും. സാംസ്കാരിക ജീർണ്ണതയുടെ ആഴക്കായലിൽ താഴ്ന്നുകിടക്കുന്ന നമ്മളെ നമ്മൾത്തന്നെ രക്ഷിക്കേണ്ടിയിരിക്കുന്നു. 'ഉദ്ധരേദാത്മനാത്മാനം'.

## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT TRIMONTHLY

FORM I

# SHAAMBHAVI

See Rule 3

| | | |
|---|---|---|
| 1. Place of Publication | : | Thrissur |
| 2. Periodicity of publication | : | Quarterly |
| 3. Printer's Name | : | Sreekanth C. |
| Nationality | : | Indian |
| Address | : | Shripuram Publications<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 4. Publisher's Name | : | Sreekanth C. |
| Nationality | : | Indian |
| Address | : | Shripuram Publications<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 5. Editor's Name | : | D. Prakash |
| Nationality | : | Indian |
| Address | : | Shripuram Trust<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 5. Owner's Name | : | Shripuram Publications |
| Address | : | Shripuram Trust<br>(Reg. No. 201/IV/2005)<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 6. Printed at | : | Mama Printers,<br>Nada, Irinjalakuda<br>Thrissur. |

I, Sreekanth C., hereby declare that the particulars given above are true to the best of my knowledge and belief.

Irinjalakuda
14/02/2012

**SREEKANTH C.**
**PUBLISHER**

# സംഗീതശാസ്ത്രമഹത്ത്വം

പറവൂർ ജ്യോതിസ്സ്

## സംഗീതം എന്നാലെന്ത്?

പണ്ഡിതപാമരഭേദമന്യേ ഏതൊരു മനുഷ്യന്റേയും മനോവികാരങ്ങളേയും, ആശയങ്ങളേയും നാദഭാഷയിൽക്കൂടി പ്രകടിപ്പിക്കുന്ന ശാസ്ത്രത്തെ സംഗീതം എന്നു പറയുന്നു. ഇത് ദൈവികമായ വികാരഭാഷയായതിനാൽ ഇതിന് മനുഷ്യരെ മാത്രമല്ല, പക്ഷിമൃഗാദികളേയും ആകർഷിക്കുവൻ സാധിക്കുന്നു. അതുകൊണ്ടുതന്നെ സംഗീതം സുകുമാരകലകളിൽ അത്യുത്തമസ്ഥാനമലങ്കരിക്കുന്നു. ഭാരതീയസംസ്കാരത്തിന്റെ മകുടത്തിൽ വിരാജിക്കുന്ന വൈരക്കല്ലായി ഈ ശാസ്ത്രം എന്നും ശോഭിക്കുന്നു. സുശ്രാവ്യങ്ങളായ ശബ്ദസമൂഹങ്ങൾ കൊണ്ട് ഹൃദയത്തിൽ ഉത്കൃഷ്ടവികാരങ്ങൾ ഉളവാക്കി, ആനന്ദം ജനിപ്പിക്കുക എന്നതാണ്, ഈ കലയുടെ ഉദ്ദേശ്യം. മൃഗവും, ശിശുവും, സർപ്പവും സംഗീതരസമറിയുന്നു.

'പശുർവേത്തി ശിശുർവേത്തി വേത്തി ഗാനരസം ഫണീ'

## സംഗീതോത്പത്തി :

പണ്ടൊരിക്കൽ ശ്രീപാർവ്വതി പരമശിവനെ നമസ്കരിച്ച് പറഞ്ഞു: "ഹേ നാഥ! ഈ ലോകത്തിൽ എല്ലാ ജീവരാശികൾക്കും അനുപമമായ ആനന്ദം നൽകുന്ന സംഗീതശാസ്ത്രതത്ത്വങ്ങൾ എനിക്കു വിശദമായി പറഞ്ഞുതരണം."

**സംഗീതശാസ്ത്രം ഹേ നാഥ! മഹ്യം വദ സുഖപ്ര**ദം.

ഹേ പാർവതി! സംഗീതതത്ത്വത്തെപ്പറ്റി പറയാം. സകല ലോകങ്ങൾക്കും എളുപ്പം സുഖമുണ്ടാകുന്നതിനുവേണ്ടി ഞാൻ എന്റെ അഞ്ച് മുഖങ്ങളിൽനിന്നും സംഗീതത്തിന്നടിസ്ഥാനമായ സപ്തസ്വരങ്ങളെ സൃഷ്ടിച്ചു. സദ്യോജാതമുഖത്തുനിന്നും ഗാന്ധാരസ്വരത്തേയും, വാമദേവമുഖത്തുനിന്നും ധൈവതത്തേയും, അഘോരമുഖത്തുനിന്നും ഷഡ്ജം, ഋഷഭം എന്നീ സ്വരങ്ങളേയും തത്പുരുഷമുഖത്തുനിന്നും പഞ്ചമസ്വരത്തേയും, ഈശാനമുഖത്തുനിന്നും നിഷാദം, മദ്ധ്യമം എന്നീ സ്വരങ്ങളേയും സൃഷ്ടിച്ചു.

**സദ്യോജാതമുഖാത് ................ ഗാന്ധാരശ്ച** സ്വരോ*ഽ*ഭവത്

..............................................................................................

ഈശാനാസ്യാന്നിഷാദശ്ച, മദ്ധ്യമശ്ച സ്വരസ്ഥഥാ

- സംഗീതദാമോദരം

**രാഗോത്പത്തി :**

ശിവമുഖത്തുനിന്നും സപ്തസ്വരങ്ങൾ ഉത്ഭവിച്ചതുപോലെതന്നെ ശിവശക്തിസംയോഗം നിമിത്തം രാഗങ്ങളും ഉത്ഭവിച്ചതായി പറയുന്നു.

സദ്യോജാതമുഖത്തുനിന്ന് ശ്രീരാഗവും, വാമദേവനിൽനിന്ന് വസന്തരാഗവും, അഘോരനിൽനിന്ന് ഭൈരവരാഗവും, തത്പുരുഷനിൽനിന്ന് പഞ്ചമരാഗവും, ഈശാനനിൽനിന്ന് മേഘരാഗവും, ശിവൻ താണ്ഡവനൃത്തംചെയ്ത സമയത്തുണ്ടായി. ഇതിനുശേഷം ലാസ്യനൃത്തമാടിയ പാർവ്വതിയുടെ മുഖത്തുനിന്ന് നടനാരായണരാഗം ഉത്ഭവിച്ചു.

ശിവശക്തിസംയോഗാത് രാഗാണാം സംഭവോ മതഃ
പഞ്ചാസ്യാത് പഞ്ചരാഗാണാം ഷഷ്ഠസ്യ ഗിരിജാമുഖാത്
സദ്യോജാതാത്തു ശ്രീരാഗോ വാമദേവാത് വസന്തകഃ
അഘോരാദ് ഭൈരവോ/ഭൂത്തത്പുരുഷാത് പഞ്ചമോ/ഭവത്
ഈശാനാസ്യാത് മേഘരാഗഃ നാട്യാരംഭേ ശിവാദഭൂത്
ഗിരിജായാ മുഖാല്ലാസ്യേ നടനാരായണോ/ഭവത്

- സംഗീതദർപ്പണം

ഭരതമുനിയുടെ മതമനുസരിച്ച് രാഗോൽപത്തി മറ്റൊരുവിധത്തിലാണ്. ശ്രീകൃഷ്ണസന്നിധിയിൽ ഗോപസ്ത്രീകളോരോരുത്തരും ഓരോ രാഗം പാടി. അങ്ങനെ പതിനാറായിരം രാഗങ്ങൾ ഉത്ഭവിച്ചതായി പറയുന്നു.

ഗോപീഭിർഗീതമാരബ്ധമേകൈകം കൃഷ്ണസന്നിധൗ
തേന ജാതാനി രാഗാണാം സഹസ്രാണി തു ഷോഡശ

ഇപ്രകാരം പരമശിവനിൽനിന്നും ഉത്ഭവിച്ച സംഗീതശാസ്ത്രത്തെ ഭരതൻ, മാതംഗൻ മുതലായ മുനീശ്വരന്മാർ ഉപദേശംവാങ്ങി ലോകം മുഴുവൻ പ്രചരിപ്പിച്ചു.

ഏവം സദാശിവപ്രോക്തം ശാസ്ത്രം സംഗീതസംജ്ഞകം
ഭരതാദ്യൈസ്തു മുനിഭിഃ സർവ്വത്രാഥ പ്രചാരിതം

- സംഗീതദാമോദരം

▸▸

## ▸▸ സംഗീതമഹത്ത്വം :

യാജ്ഞവൽക്യസ്മൃതിയിൽ പ്രായശ്ചിത്താദ്ധ്യായത്തിൽ യതിധർമ്മപ്രകരണത്തിൽ, സംഗീതമഹത്ത്വം ഇപ്രകാരം വ്യക്തമാക്കുന്നു. വീണവായിക്കുന്ന തത്ത്വമറിയുന്നവനും, ശ്രുതി, ജാതി (രാഗം) മുതലായവയിൽ പാരംഗതനും നേരാംവണ്ണം താളം അറിയുന്നവനും അനായാസേന മോക്ഷം പ്രാപിക്കുന്നു.

വീണാവാദനതത്ത്വജ്ഞഃ ശ്രുതിജാതിവിശാരദഃ
താളജ്ഞശ്ചാപ്രയാസേന മോക്ഷമാർഗ്ഗം നിയച്ഛതി

- 115-ാം ശ്ലോകം

ഗീതത്തിൽ വൈദഗ്ധ്യം നേടിയവൻ ശിവന്റെ അനുചരനായി (മന്ത്രിയായി) ശിവനോടുകൂടി സന്തോഷിക്കുന്നു എന്നും യാജ്ഞവൽക്യസ്മൃതിയിൽ പരാമർശിക്കുന്നു.

ഗീതജ്ഞോ യദി യോഗേന സാപ്നോതി പരമം പദം
രുദ്രസ്യാനുചരോ ഭൂത്വാ തേനൈവ സഹ മോദതേ - 116

സർവ്വജ്ഞനായ പരമശിവൻ സംഗീതത്തിൽ പ്രീതിപ്പെടുന്നു. സംഗീതത്തിന്റെ തത്ത്വവും മാധുര്യവും അറിഞ്ഞ ശ്രീകൃഷ്ണൻ, ഗോപാലന്മാരേയും ഗോക്കളേയും തന്റെ പുല്ലാങ്കുഴൽ നാദത്താൽ സന്തോഷിപ്പിച്ചു. താനും ഗാനരസമനുഭവിച്ചു. സംഗീതത്തിൽ ആകൃഷ്ടചിത്തനായതുകൊണ്ടല്ലേ ബ്രഹ്മാവ് എപ്പോഴും സാമഗാനത്തിൽ തത്പരനായിരിക്കുന്നത്? സംഗീതരസം പലപ്പോഴും ആസ്വദിക്കുന്നതുകൊണ്ടല്ലേ, സരസ്വതി വീണയെ ഒരിക്കലും താഴെ വയ്ക്കാത്തത്? ദേവശ്രേഷ്ഠന്മാർതന്നെ ഇങ്ങനെയാണെങ്കിൽ, യക്ഷന്മാർ, ഗന്ധർവ്വന്മാർ, മറ്റു ദേവന്മാർ, അസുരന്മാർ, മനുഷ്യർ - ഇവരുടെ കാര്യം പ്രത്യേകിച്ച് പറയുവാനുണ്ടോ?

ഗീതേന പ്രീയതേ ദേവഃ സർവ്വജ്ഞഃ പാർവ്വതീപതിഃ
ഗോപീപതിരനന്തോऽപി വംശധ്വനിവശം ഗതഃ
സാമഗീതിരതോ ബ്രഹ്മാ വീണാസക്താ സരസ്വതീ
കിമന്യേ യക്ഷ,ഗന്ധർവ്വ,ദേവ,ദാനവ,മാനവാഃ?

സംഗീതാത്മകമായ ധ്വനികൾ മനുഷ്യൻ തന്റെ കണ്ഠത്തിൽ നിന്നോ സ്വപ്രയത്നംകൊണ്ടു ചെയ്യുന്ന വാദ്യങ്ങളിൽനിന്നോ പുറപ്പെടുവിക്കുന്നു. അതുകൊണ്ട് ഗീതവും വാദ്യവും സംഗീതത്തിൽ ഉൾപ്പെട്ടവയാണ്. എന്നാൽ ശാസ്ത്രഗ്രന്ഥങ്ങളിൽ നൃത്തത്തേയും, സംഗീതത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിനുകാരണം, നൃത്തം ഗീതവാദ്യങ്ങളെ ആശ്രയിച്ചിരിക്കുന്നുവെന്നതാണ്. എന്നാൽ ഗീത

മാണ് ഇവ മൂന്നിലും വച്ച് പ്രാധാന്യമേറിയത് എന്ന് ഈ ഗ്രന്ഥങ്ങൾ തന്നെ ഉദ്ഘോഷിക്കുന്നു. ഈ വസ്തുത ശാർങ്ഗദേവൻ ഇപ്രകാരം സ്പഷ്ടമാക്കുന്നു.

ഗീതം വാദ്യം തഥാ നൃത്തം ത്രയം സംഗീതമുച്യതേ
നൃത്തം വാദ്യാനുഗം പ്രോക്തം വാദ്യം ഗീതാനുബന്ധി ച
അതോ ഗീതം പ്രധാനത്വാദത്രാദാവഭിധീയതേ

- സംഗീതരത്നാകരം

ഒരിക്കൽ നാരദൻ വിഷ്ണുഭഗവാനോട് ചോദിച്ചു. 'അങ്ങ് എവിടെയാണ് സന്തോഷത്തോടുകൂടി ഇരിക്കുവാൻ ആഗ്രഹിക്കുന്നത്?' ശ്രദ്ധേയമായ മറുപടി ഇപ്രകാരമായിരുന്നു. 'അല്ലയോ നാരദ! സംഗീതരസമില്ലാത്ത വൈകുണ്ഠത്തിലും, സംഗീതഗന്ധമറിയാത്ത യോഗികളുടെ ഹൃദയത്തിലും, മാധുര്യമില്ലാത്ത സൂര്യമണ്ഡലത്തിലും വസിക്കുവൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്റെ യഥാർത്ഥ ഭക്തന്മാർ എവിടെയാണോ ആനന്ദമയമായ സംഗീതത്തിൽക്കൂടി (സപ്തസ്വര സഹിതം) എന്നെ സ്തുതിക്കുന്നത് അവിടെ ഞാൻ വസിക്കുന്നു.'

നാഹം വസാമി വൈകുണ്ഠേ ന യോഗിഹൃദയേ രവൗ
മദ്ഭക്താഃ യത്ര ഗായന്തി തത്ര തിഷ്ഠാമി നാരദ!

വിദ്യയുടെ അധിദേവതയായ സരസ്വതിയുടെ രണ്ട് മാറിടങ്ങളിൽ ഒന്ന് സംഗീതവും, മറ്റേത് സാഹിത്യവുമാകുന്നു. സംഗീതമാകട്ടെ പതിക്കുമ്പോൾതന്നെ (കേൾക്കുമ്പോൾത്തന്നെ) മധുരവും, സാഹിത്യം ആലോചിക്കുന്തോറും മധുരവുമാകുന്നു.

സംഗീതമപി സാഹിത്യം സരസ്വത്യാഃ സ്തനദ്വയം
ഏകമാപാതമധുരം അന്യദാലോചനാമൃതം

പൂർവ്വാചാര്യന്മാരായ കലാജ്ഞാനികൾ മന്ത്രശാസ്ത്ര വിധികളറിഞ്ഞ് ബീജാക്ഷരങ്ങളോടും, ദേവതാധിഷ്ഠാനം, യന്ത്രം, ചക്രം, ധ്യാനം മുതലായ അംഗത്തോടും, ഗായത്രി മുതലായ ഛന്ദസ്സുകളോടും, ആവാഹനാദികളായ ഉപാസനാക്രമത്തോടുംകൂടി അതാതു സ്വരദേവതകളെ ഷോഡശോപാചാരത്തോടുകൂടി ആരാധിച്ചതിന്റെ ഫലമായി ശ്രേഷ്ഠമായ ജ്ഞാനംനേടി മഹാന്മാരായി.


അത്തരം മഹാന്മാർ 'ദീപകം' എന്ന രാഗം യഥാവിധി പാടുമ്പോൾ വിളക്ക് തനിയെ കത്തും. 'മേഘരഞ്ജിനി' രാഗം പാടുമ്പോൾ മേഘങ്ങളാവിർഭവിച്ച് മഴപൊഴിക്കും. കാട്ടിൽവച്ച് 'തോഡി' പാടുമ്പോൾ മാനുകൾ വന്നുചേരും. 'മലയമാരുത' രാഗം ആലപിക്കുമ്പോൾ കാറ്റു വീശും. 'കുറിഞ്ഞി' രാഗത്തിൽക്കൂടി കരയുന്ന കുട്ടിയെ ▸▸

ഉറക്കാൻ സാധിക്കും.

ഓരോ രാഗവും മനസ്സിനെ സ്വാധീനിക്കുന്നത് വ്യത്യസ്തതരത്തിലായിരിക്കും. മോഹനം, കല്യാണി, പഹാഡി തുടങ്ങിയ രാഗങ്ങളിൽ ചിട്ടപ്പെടുത്തിയ രാഗങ്ങൾക്ക് വിഷാദം, മാനസികപിരിമുറുക്കം, ടെൻഷൻ, നിരാശ എന്നിവ അകറ്റുവാനുള്ള കഴിവുണ്ട്. അവ മനസ്സിനെ ശാന്തമാക്കും. 'ദേവഗാന്ധാരി' രാഗത്തിന് തലവേദന മാറ്റാനും 'ആനന്ദഭൈരവി'ക്ക് മനശ്ശാന്തി നൽകാനും, 'യദുകുലകാംബോജി'ക്ക് ദേഷ്യം അകറ്റുവാനും കഴിയുമത്രേ.

സപ്തസ്വരസമമായ ധ്വനിയുള്ള ജന്തുക്കളേയും പ്രകൃതിയിൽ കാണുവാൻ സാധിക്കും. മയിൽ ഉത്സാഹമായി കൂവുമ്പോൾ അതിൽ ഷഡ്ജസ്വരം ധ്വനിക്കുന്നു. കാളയുടെ ശബ്ദം ഋഷഭസ്വരത്തിന് സമാനമാകയാൽ ആ മൃഗത്തിന്റെ നാമപര്യായംതന്നെ അതിനു നൽകി. ആട് ഗാന്ധാരം ധ്വനിപ്പിക്കുന്നു. ക്രൗഞ്ചപക്ഷി മദ്ധ്യമസ്വരസമാനമായ ശബ്ദം പുറപ്പെടുവിക്കുന്നു. വസന്തകാലത്തിൽ കുയിൽ പഞ്ചമം കൂവുന്നു. കുതിരയുടെ ശബ്ദത്തിൽ ധൈവതം ധ്വനിക്കുന്നു. ആന അലറുമ്പോൾ നിഷാദം കേൾക്കുന്നു. ('ഹിസ് ഹൈനസ് അബ്ദുള്ള' എന്ന ചിത്രത്തിലെ കൈതപ്രം രചിച്ച 'ദേവസഭാതലം' എന്ന ഗാനം ഓർക്കുക).

ഓരോ സ്വരത്തിനും ബീജാക്ഷരം കല്പിച്ചുകൊണ്ട് ഷഡ്കോണത്തിൽ വർത്തിക്കുന്ന യന്ത്രസമാനമായ ദേവതാസങ്കല്പം ഋഷീശ്വരന്മാർ നമുക്ക് രേഖപ്പെടുത്തിത്തന്നത് ഇപ്രകാരമാണ്.



സംഗീതം സാധകം ചെയ്യുന്നവർ അതിന്റെ കൂടെ നിത്യവും, സപ്തസ്വരങ്ങളുടെ ഋഷി-ഛന്ദസ്സ്-ദേവതാസങ്കല്പവും അംഗന്യാസവും ധ്യാനശ്ലോകസഹിതം മൂലമന്ത്രജപവും ചെയ്താൽ സുന്ദരവും സങ്കീർണ്ണവുമായ സംഗീതപ്രഭാവത്തിന്റെ മാസ്മരികലോകത്തേക്ക് എളുപ്പം പ്രവേശിച്ചുകൊണ്ട് അത്ഭുതകരമായ ആനന്ദമനുഭവിക്കാൻ സാധിക്കും.

സംഗീതത്തിന്റെ ഒരംഗമാണ് നർത്തനം. പരമശിവൻ നൃത്തം ചെയ്യുമ്പോൾ ദേവതമാർ ഓരോരുത്തരും എപ്രകാരം അദ്ദേഹത്തെ

സേവനം ചെയ്യുന്നുവെന്ന് നാരദൻ തന്റെ കൃതിയിൽ വ്യക്തമാക്കുന്നത് ഇപ്രകാരമാണ്.

ബ്രഹ്മാവ് താളമിടുന്നു. വിഷ്ണു പടഹവാദ്യം (ചെണ്ട) വായിക്കുന്നു. സരസ്വതി വീണ വായിക്കുന്നു. സൂര്യചന്ദ്രന്മാർ ഓടക്കുഴലൂതുന്നു. സിദ്ധന്മാർ, അപ്സരസ്സുകൾ, കിന്നരന്മാർ എന്നിവർ ശ്രുതി മീട്ടുന്നു. നന്ദിയും ഭൃംഗീരടിയും മദ്ദളം കൊട്ടുന്നു. നാരദൻ പാടുന്നു. പല ദേവതമാരുകൂടി ഒത്തുചേർന്നുനടത്തുന്ന ഈ സംഗീതോത്സവത്തിൽ നൃത്തം ചെയ്യുന്ന മംഗളശരീരനായ പരമശിവന്റെ നൃത്തം നമ്മെ രക്ഷിക്കട്ടെ.

ബ്രഹ്മാ താളധരോ, ഹരിശ്ച പടഹീ വീണാകരാ ഭാരതീ
വംശജ്ഞൗ ശശിഭാസ്കരൗ, ശ്രുതിധരാഃ സിദ്ധോഽപ്സരഃ കിന്നരാഃ
നന്ദീഭൃംഗീരിടിശ്ച മദ്ദളധരൗ സംഗീതകോ നാരദഃ
ശംഭോർനൃത്തകരസ്യ മംഗളതനോർ നാട്യം സദാ പാതു നഃ

## സംഗീതശാസ്ത്രത്തിന്റെ പടഹധ്വനി

ഈശ്വരനെ ഒരു പ്രാവശ്യം നിർമ്മലമായ മനസ്സുകൊണ്ട് ധ്യാനം ചെയ്യുന്നത്, ഒരുകോടി പ്രാവശ്യം മന്ത്രങ്ങൾ ജപിച്ച് ആരാധിക്കുന്നതിന് തുല്യമാണ്. ഒരു പ്രാവശ്യം മനസ്സിൽ ലയം പ്രാപിക്കുകയെന്നത് ഒരുകോടി പ്രാവശ്യം ധ്യാനം ചെയ്യുന്നതിന് തുല്യമാണ്. ഒരു പ്രാവശ്യം മധുരമായി പാടുകയെന്നത് ഒരുകോടി പ്രാവശ്യം ലയം പ്രാപിക്കുന്നതിന് തുല്യമാണ്. ഗാനത്തേക്കാളും ശ്രേഷ്ഠമായ ഒരു വസ്തു നാം അറിയുന്നില്ല. അതിനാൽ ഗാനം (സംഗീതം) മോക്ഷപ്രാപ്തിക്ക് ഉന്നതമായ മാർഗ്ഗമാകുന്നു.

ജപകോടിഗുണം ധ്യാനം  ധ്യാനകോടിഗുണോ ലയഃ
ലയകോടിഗുണം ഗാനം  ഗാനാത്പരതരം നഹി.

സംഗീതത്തിന്റെ മഹിമയെപ്പറ്റി വർണ്ണിക്കുവാൻ ആയിരം നാവുള്ള അനന്തനുപോലും സാധിക്കില്ല. ചുരുക്കത്തിൽ ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നീ നാലു പുരുഷാർത്ഥങ്ങൾ ലഭിക്കുവാൻ ശ്രേഷ്ഠമായ മാർഗ്ഗം സംഗീതം ഒന്നുമാത്രമാണ്.

'ധർമ്മാർത്ഥകാമമോക്ഷാണാം ഇദമേവൈകസാധനം'

## നാദവും ബ്രഹ്മവും (നാദം രണ്ടുവിധം – അനാഹതം, ആഹതം)

പരബ്രഹ്മസ്വരൂപം എപ്രകാരമാണോ പ്രാണികളായ എല്ലാ ജീവാത്മാക്കളിലും ചൈതന്യവത്തായി പ്രകാശിക്കുന്നത്, അപ്രകാരം നാദം സ്ഫോടാത്മകമായി സകല പദാർത്ഥങ്ങളെയും പ്രകാശി ▶▶

▶▶ പ്പിച്ചുകൊണ്ട് ആനന്ദപ്രദായകമായി ഇരിക്കുന്നു. കൂടാതെ നാദോപാസന ഉപാസകനെ ബ്രഹ്മപ്രാപ്തിയിലേക്ക് നയിക്കുന്നുവെന്ന് ഋഷീശ്വരന്മാർ അടിവരയിട്ട് പറയുന്നു. രത്നത്തിൽനിന്നുള്ള പ്രകാശത്തെ പിന്തുടരുമ്പോൾ രത്നം എങ്ങനെ ലഭ്യമാകുന്നുവോ അതുപോലെ നാദോപാസനയെന്ന പ്രകാശത്തെ പിന്തുടരുമ്പോൾ ബ്രഹ്മം ലഭ്യമാകുന്നു.

'ഈ ലോകമെല്ലാം ഉണ്ടാകുന്നതിനുമുമ്പ് ഏതൊരു മഹത്തായ വസ്തുവാണോ സ്ഥാവരജംഗമമായ ഈ ലോകവും ആകാശവും മുഴുവനും വ്യാപിച്ചിരുന്നത്, ഏതാണോ ലോകവ്യവഹാരത്തിന് മൂലകാരണമായിരുന്നത് അതാണ് നാദം.'

'ആകാശസംഭവോ നാദഃ യഃ സോ/നാഹതസംജ്ഞിതഃ' എന്ന് നാരദൻ പറഞ്ഞതനുസരിച്ച്, ആകാശത്തിൽനിന്നും ആദ്യമായുണ്ടായ ദൈവികമായ നാദവായു എന്ന അനാഹതനാദം നാദത്തിന് ആദികാരണമായ സ്ഫോടാത്മകത്വം നിറഞ്ഞുനിൽക്കുന്ന 'സ്' എന്ന ശബ്ദത്തെയുണ്ടാക്കി. ഇതിനെ ഉദാഹരണസഹിതം സ്പഷ്ടമാക്കാം. ഒരു പന്തിൽ കാറ്റടിച്ചിട്ട് സൂചികൊണ്ട് ഒരു ചെറിയ ദ്വാരമിട്ടാൽ ആ ദ്വാരത്തിൽക്കൂടി പുറത്തുപോകുന്ന വായു ഒരു ശബ്ദം പുറപ്പെടുവിക്കുന്നത് 'സ്' എന്നായിരിക്കും. ഈ 'സ്' എന്ന ശബ്ദത്തോട്ടുകൂടി, വ്യാകരണശാസ്ത്രപ്രകാരമുള്ള 'അ' എന്ന ആദ്യാക്ഷരം ചേർത്താൽ മന്ത്രശാസ്ത്രപ്രകാരം ആദിശക്തിയായ പരമാത്മാവിന്റെ ബീജാക്ഷരമായ 'സ'കാരം ലഭിക്കുന്നു. ഈ 'സ'കാരമാകട്ടെ സംഗീതശാസ്ത്രത്തിലെ 'ഷഡ്ജ'മായി മാറുന്നു. ഇതാണ് നാദത്തിന്റെ അഥവാ സപ്തസ്വരങ്ങളുടെ രഹസ്യം. നാദത്തിൽനിന്നാണ് സംഗീതം ഉത്ഭവിക്കുന്നത്. ഈ നാദത്തെ 4 ആയി തിരിക്കാം - പരാ, പശ്യന്തീ, മദ്ധ്യമാ, വൈഖരീ. (ചുരുക്കിപറഞ്ഞാൽ മൂന്നു ശാസ്ത്രങ്ങൾ കൂടി ഒന്നായിചേർന്നതാണ് സംഗീതം എന്നർത്ഥം.) ഈ 'സ'കാരം കണ്ഠം മുതലായ ആറുസ്ഥാനങ്ങളിൽനിന്നുമുണ്ടാകുന്നതിനാലും, രിഗമപധനി എന്ന ആറുസ്വരങ്ങൾക്കും കാരണമാകുന്നതിനാലും ഇത് ഷഡ്ജമെന്നപേരിൽ അറിയപ്പെടുന്നു.

നാസാകണ്ഠഉരസ്താലുജിഹ്വാദന്താസ്തഥൈവ ച
ഷഡ്ഭിഃ സംജായതേ യസ്മാത് തസ്മാത് ഷഡ്ജ ഇതി സ്മൃതഃ

- സംഗീതമകരന്ദം

ഷണ്ണാം സ്വരാണാം ജനകഃ ഷഡ്ജഃ

'കാമധേനുതന്ത്ര'ത്തിൽ സകാരത്തിന്റെ സ്വരൂപം എപ്രകാര

മാണെന്ന് ശിവൻ പാർവ്വതിയോട് പറയുന്നുണ്ട്.

സകാരം ശൃണു ചാർവ്വംഗി! ശക്തിബീജം പരാത്പരം കോടി
വിദ്യുല്ലതാകാരം കുണ്ഡലീത്രയസംയുതം
പഞ്ചദേവമയം ദേവി! പഞ്ചപ്രാണാത്മകം സദാ രജഃസത്വത
മോയുക്തം ത്രിബിന്ദുസഹിതം സദാ.

ശിവൻ 'വർണ്ണോദ്ധാരതന്ത്ര'ത്തിൽ സകാരത്തിന്റെ ധ്യാനം എ പ്രകാരമാണെന്ന് വ്യക്തമാക്കുന്നുണ്ട്.

ശുക്ലാംബരാം ശുക്ലവർണ്ണാം ദ്വിഭുജാം രക്തലോചനാം ശ്വേത
ചന്ദനലിപ്താംഗീം മുക്താഹാരോപശോഭിതാം
ഗന്ധർവ്വഗീയമാനാം ച സദാനന്ദമയീം പരാം അഷ്ടസിദ്ധിപ്ര
ദാം നിത്യാം ഭക്താനന്ദവിവർദ്ധിനീം
ഏവം ധ്യാത്വാ സകാരം തു തന്മന്ത്രം ദശധാ ജപേത് ത്രിശ
ക്തിസഹിതം വർണ്ണം ആത്മാദിതത്ത്വസംയുതം
പ്രണമ്യ സതതം ദേവി ഹൃദി ഭാവയ സുന്ദരി

ഷഡ്ജത്തിന്റെ ഇപ്രകാരമുള്ള രഹസ്യാർത്ഥംപോലെതന്നെ ഓരോ സ്വരത്തിനും അർത്ഥകല്പനയുണ്ട്. (വിസ്തരഭയത്താൽ രേഖപ്പെടുത്തുന്നില്ല.)

നാദമില്ലാതെ ഗീതമില്ല. നാദമില്ലാതെ സപ്തസ്വരങ്ങളില്ല. നാദത്തിന്റെ സഹായമില്ലാതെ നർത്തനമില്ല. അങ്ങനെ ഗീതം, വാദ്യം, നൃത്തം എന്നീ മൂന്നും ചേർന്ന സംഗീതമാകട്ടെ നാദത്തെ മൂലകാരണമായി സ്ഥിരപ്പെടുത്തിയിരിക്കുന്നു. ബ്രഹ്മാവും, വിഷ്ണുവും മഹേശ്വരനും, പരാശക്തിയും നാദരൂപത്തോടുകൂടിയവരാണ്.

ന നാദേന വിനാ ഗീതം ന നാദേന വിനാ സ്വരഃ
ന നാദേന വിനാ നൃത്തം തസ്മാത് നാദാത്മകം ജഗത്
നാദരൂപഃ സ്മൃതോ ബ്രഹ്മാ നാദരൂപോ ജനാർദ്ദനഃ
നാദരൂപാ പരാശക്തിഃ നാദരൂപോ മഹേശ്വരഃ

- ബൃഹദ്ദേശീ

ത്രിമൂർത്തികൾ നാദാത്മകന്മാരായതുകൊണ്ട് നാദോപാസനയാൽ അവർ ഉപാസിക്കപ്പെട്ടവരായിത്തീരുന്നുവെന്നും ശാർങ്ഗദേവൻ രേഖപ്പെടുത്തി.

നാദോപാസനയാ ദേവാഃ ബ്രഹ്മവിഷ്ണുമഹേശ്വരാഃ
ഭവന്ത്യുപാസിതാ നൂനം യസ്മാദേതേ തദാത്മകാഃ

- സംഗീതദാമോദരം

▸▸ ഈ തത്ത്വം മനസ്സിലാക്കിയ ശ്രേഷ്ഠജ്ഞാനിയായ ത്യാഗരാജസ്വാമി. 'നാദതനമനിശം' എന്ന ചിത്തരഞ്ജിനീ രാഗകീർത്തനത്തിൽ താൻ പരമാത്മാവിനെ നാദരൂപിയായി അനുസന്ധാനം ചെയ്യുന്നതിനെ സൂചിപ്പിക്കുന്നു.

ആഹതനാദം 5 വിധം. നഖജം, വായുജം, ചർമ്മജം, ലോഹജം, ശാരീരജം.

## സ്വരപ്രാധാന്യം :

പ്രകാശകാർത്ഥകമായ 'രാജ്' ധാതുവിനോടുകൂടി ('രാജൃ-ദീപ്തൗ' -ഭ്വാദിഗണം) സ്വയം എന്ന അർത്ഥം ലഭിക്കുന്ന 'സ്വ'ശബ്ദം ചേർക്കുമ്പോൾ സ്വരം എന്ന പദം ലഭിക്കുന്നു. ഏതു നാദം മറ്റൊന്നിന്റേയും സഹായം കൂടാതെ ശ്രവണസുഖമുള്ളതായി പ്രകാശിക്കുന്നുവോ അത് സ്വരം. ടട്, ടക്, ടപ് മുതലായ ധ്വനികൾക്ക് അനുരണനമില്ലാത്തതുകൊണ്ട് ശ്രവണസുഖമുണ്ടാകുന്നില്ല. എന്നാൽ ടം, ടൺ, ടങ് മുതലായ സ്വരങ്ങൾ കേൾക്കുന്നവരുടെ മനസ്സിനെ ആഹ്ലാദിപ്പിക്കുന്നു.

ഇപ്രകാരമുണ്ടാകുന്ന ഏഴുസ്വരങ്ങൾ ഷഡ്ജം, ഋഷഭം, ഗാന്ധാരം, മദ്ധ്യമം, പഞ്ചമം, ധൈവതം, നിഷാദം എന്നീ പേരുകളിൽ അറിയപ്പെടുന്നു. (സ-രി-ഗ-മ-പ-ധ-നി)

സപ്തസ്വരങ്ങൾക്ക് ഓരോന്നിനും പ്രത്യേകം ധ്യാനശ്ലോകവും, ബീജാക്ഷരവും ഋഷി-ഛന്ദസ്സ്- ദേവതയുമുണ്ട്.

കൂടാതെ, ദേവതമാർ, അഭിമാനിദേവതമാർ, രാശികൾ, രാശ്യാധിപന്മാർ, പുഷ്പങ്ങൾ, നിവേദ്യങ്ങൾ, രസങ്ങൾ എന്നിവ സപ്തസ്വരങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്നുവെന്ന് 'സംഗീതമകരന്ദം' എന്ന ഗ്രന്ഥത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

സപ്തസ്വരങ്ങൾക്ക് പ്രത്യേകം വാഹനം, ഭാര്യ, ആകാരം, വൃക്ഷങ്ങൾ എന്നിവയുണ്ടെന്ന് 'സർവ്വാർത്ഥസാരസംഗ്രഹം'എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഇതിൽ ഏറ്റവും പ്രധാനപ്പെട്ടവയാണ് സപ്തസ്വരങ്ങളുടെ അംഗന്യാസം, ധ്യാനം, മൂലമന്ത്രം എന്നിവ. ഇത് സംഗീതഗുരുക്കന്മാർ ശിഷ്യന്മാരുടെ കഴിവനുസരിച്ച് രഹസ്യമായി ഉപദേശിക്കേണ്ടവയാകുന്നു. എല്ലാവർക്കും ഇത് ഉപദേശിക്കുവാൻ പാടുള്ളതല്ല.

## ശ്രുതിജ്ഞാനമഹത്ത്വം

ശ്രുതിയെ സ്വരമെന്നു പറയുവാൻ ബ്രഹ്മാവിനുപോലും സാദ്ധ്യമല്ല. ഉപദേശത്താൽ മാത്രമറിയുന്നതാണ് സ്വരഗതമായ ശ്രുതി. വീണയിൽക്കൂടി ശ്രുതിജ്ഞാനവും, പുല്ലാങ്കുഴലിൽക്കൂടി സ്വരജ്ഞാനവും സിദ്ധിക്കുന്നു. വിഷ്ണുവിന്റെ നാദമാകട്ടെ, രണ്ട് അശ്വിനീദേവ